**അടിയന്തരപ്രമേയം**

**കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി**

മി. സ്പീക്കർ: കാർഷിക വിളകളുടെ വിലയിടിവും ഉത്പ്പാദനച്ചെലവിലുണ്ടായ വർദ്ധനവും കടബാധ്യതയും സർക്കാർ അവഗണിക്കുന്നതായും തന്മൂലം കർഷക സമൂഹം പ്രതിസന്ധി നേരിടുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

**കർഷക സമൂഹം നേരിടുന്ന പ്രതിസന്ധി**

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷകരെ ഒരു കാലത്തും അവഗണിച്ചിട്ടില്ല. കർഷകരെ പരിഗണിക്കുന്ന/ചേർത്തുനിർത്തുന്ന സർക്കാരാണ് കേരളത്തിൽ അധികാരത്തിലിരിക്കുന്നത്. അടിയന്തരപ്രമേയ

നോട്ടീസിൽ സൂചിപ്പിക്കുന്നതുപോലെ അവഗണനയെന്നുള്ളതെല്ലാം അതിന് മുമ്പുണ്ടായിരുന്ന കാലഘട്ടത്തിൽ മാത്രമായിരുന്നുവെന്ന് നമുക്കേവർക്കും അറിയാം. ഈ സർക്കാർ കർഷകരുടെ പ്രശ്നങ്ങളിൽ യഥാസമയം ഇടപെടുകയും സമയബന്ധിതമായി അത് പരിഹരിക്കുന്നതിൽ പ്രതിജ്ഞാബദ്ധവുമാണ്. ആവശ്യമായ ഉത്തരവുകളിലൂടെ സാമ്പത്തികമായും സാങ്കേതികമായും കർഷകരെ സഹായിക്കാനുള്ള നടപടികൾ ഈ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഉദാരവത്ക്കരണ ആഗോളവത്ക്കരണ നയങ്ങളുടെയും രാജ്യം ഏർപ്പെട്ട കരാറുകളുടെയും കൊടും ചൂടിൽ വാടിക്കരിഞ്ഞ കാർഷിക മേഖലയെ പച്ചപ്പുള്ളതാക്കി മാറ്റിയത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണെന്ന് നിസ്സംശയം പറയാൻ സാധിക്കും. കാലാവസ്ഥാ വ്യതിയാനവും കേന്ദ്രത്തിന്റെ തെറ്റായ കാർഷിക നയങ്ങളും വന്യമൃഗ പ്രശ്നങ്ങളും കേരളത്തിലെ കാർഷിക മേഖലയ്ക്ക് സൃഷ്ടിക്കുന്ന ഭീഷണി തരണം ചെയ്യാൻ 2026 ലക്ഷ്യമാക്കി കൃഷി വകുപ്പിന്റെ സമൂലമായ മാറ്റത്തിന് കാരണമാകുന്നതും കാർഷിക മേഖലയെ ഏറ്റവും നന്നായി മുന്നോട്ടുനയിക്കുന്നതിനും കഴിയുന്ന പദ്ധതികളാണ് കൃഷി വകുപ്പ്

ആസൂത്രണം ചെയ്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൃഷിയുടെ ആവശ്യകതയും പ്രാദേശിക സാമ്പത്തിക വികസനത്തിന് കാർഷിക മേഖലയുടെ പങ്കും മനസ്സിലാക്കി സർക്കാർ നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' എന്ന പദ്ധതിയുടെ തുടർച്ചയായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി കാർഷിക മേഖലയുടെ ജനപങ്കാളിത്തം ഉയർത്താനും കാർഷിക മേഖലയിൽ ജനകീയ കൂട്ടായ്മ കൃഷിക്കൂട്ടങ്ങളായി സൃഷ്ടിക്കാനും സാധ്യമായി. ഭക്ഷ്യസുരക്ഷ, കർഷകരുടെ വരുമാനവർദ്ധനവ് എന്നീ ലക്ഷ്യങ്ങളാണ് ഇതിലൂടെ സർക്കാർ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നത്. ഉത്പ്പാദനമേഖലയിൽ വിപണിയധിഷ്ഠിത ഉത്പ്പാദനം സാധ്യമാക്കുന്നതിനും ഉത്പ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കാനും ഈ ഇടപെടലിലൂടെ സാദ്ധ്യമായിക്കൊണ്ടിരിക്കുന്നുണ്ട്. കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി സംയോജിപ്പിച്ച് 2023-24-ൽ പതിനായിരം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷിയും ആയിരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും എന്ന ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2026 ആകുമ്പോഴേക്കും ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷിയും മൂവായിരം കോടി രൂപയുടെ വിറ്റുവരവും മൂന്ന് ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്ന വ്യക്തമായ

കാഴ്ചപ്പാടോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. വിളയധിഷ്ഠിത കൃഷി രീതി പ്രോത്സാഹിപ്പിച്ചും കർഷക ഉത്പ്പാദക സംഘങ്ങൾ രൂപീകരിച്ചും ഉത്പ്പാദന വർദ്ധനവും വിപണിയും ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. കേരള അഗ്രോ ബിസിനസ് കമ്പനി ഈ ദിശയിൽ കാർഷിക മേഖലയെ സഹായിക്കുന്നതിനുപകരിക്കുന്ന തരത്തിൽ യാഥാർത്ഥ്യമായിക്കഴിഞ്ഞു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കർഷകരെ ഈ മേഖലയിൽ നിലനിർത്താനുള്ള ശ്രമം സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. നെല്ല്, പച്ചത്തേങ്ങ, വിവിധയിനം പച്ചക്കറികൾ, റബ്ബർ എന്നിവയ്ക്ക് സർക്കാർ താങ്ങുവിലയും കുറഞ്ഞ അടിസ്ഥാനവിലയും നിശ്ചയിച്ച് കർഷകരെ സഹായിക്കുന്നുണ്ട്. 2020-21 വർഷത്തിൽ കാർഷിക മേഖലയ്ക്കായി 590.61 കോടി രൂപയും 2021-22 വർഷത്തിൽ 605.9 കോടി രൂപയും 2022-23 വർഷം 587.37 കോടി രൂപയും 2023-24 വർഷത്തിൽ 650.66 കോടി രൂപയും 2024-25 വർഷത്തെ ബഡ്ജറ്റിൽ 693.21 കോടി രൂപയും കർഷകർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ഈ വർഷങ്ങളിലെല്ലാം കേന്ദ്ര പദ്ധതികൾക്ക് ആനുപാതികമായ തുക

സംസ്ഥാനം വകയിരുത്തി കേന്ദ്രപദ്ധതികളിലൂടെ ലഭ്യമാകുന്ന ആനുകൂല്യങ്ങളും കർഷകന് ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ കർഷകർക്കാവശ്യമായ സാങ്കേതികസഹായങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ കാലാവസ്ഥാ വ്യതിയാനംമൂലം കാർഷിക കേരളം നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് കേര പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന പ്രത്യേകതയുമുണ്ട്. കേരളത്തിലെ കർഷകർക്കുവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ സർക്കാർ നടപടികൾ കൈക്കൊണ്ടിരുന്നു. ഈ സീസണിൽ ഇതുവരെ ഒന്നാം വിളയിൽ 55793 കർഷകരിൽനിന്നായി 1.358 ലക്ഷം മെട്രിക് ടണ്ണും രണ്ടാം വിളയിൽ 429 കർഷകരിൽനിന്നായി 3209 മെട്രിക് ടൺ നെല്ലും സംഭരിക്കുകയും  സംഭരണ വിലയായി 294.48 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. 2017-18 മുതൽ  2022-23 വരെ 614.98 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്. അതിന്റെ തുക പുതിയ

കണക്കുകൾക്കനുസരിച്ച് ഇപ്പോൾ വീണ്ടും കൂടുതലാണെന്ന കാര്യം കൂടി അറിയിക്കുന്നു. നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭ്യമാക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി ക്യാബിനറ്റ് സബ് കമ്മിറ്റിയും വിദഗ്ദ്ധ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കേരകർഷകരുടെ കാര്യമെടുക്കുകയാണെങ്കിൽ വർഷങ്ങളായി സംഭരണത്തിന് ഒരു തെങ്ങിന്റെ വാർഷിക ഉത്പ്പാദനം 50 നാളികേരമായി നിശ്ചയിച്ചിരുന്നത് 70 ആക്കി ഉയർത്തുകയും വർഷത്തിൽ 6 തവണയായി നടത്തിയിരുന്ന പച്ചത്തേങ്ങ സംഭരണം കർഷകർ ആവശ്യപ്പെടുന്ന പക്ഷം 5 തവണയായി സംഭരിക്കുന്നതിനും 70 നാളീകേരമെന്നത് ഓരോ വിളവെടുപ്പിനും എത്രയെണ്ണം എന്ന് തീരുമാനിക്കാൻ കൃഷി ഡയറക്ടർക്ക് അനുമതി കൊടുക്കുകയും ചെയ്തു. ദീർഘകാലമായി കർഷകർ ഉന്നയിച്ചുകൊണ്ടിരുന്ന പ്രശ്നത്തിന് പരിഹാരമായത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 2023-24-ലെ ബഡ്ജറ്റിൽ നാളികേരത്തിന്റെ താങ്ങുവില രണ്ട് രൂപ കൂട്ടി 34 രൂപയാക്കിയിട്ടുണ്ട്.

നാളീകേര കർഷകന്റെ ഭൂമി പരിധി 5 ഏക്കറിൽനിന്ന് 15 ഏക്കറായി വർദ്ധിപ്പിക്കണമെന്നുള്ളത് നവകേരള സദസ്സിന്റെ ഭാഗമായി ലഭ്യമായ പരാതി/നിർദ്ദേശമായിരുന്നു. അത് അംഗീകരിച്ച് കർഷകന്റെ ഭൂമി പരിധി 5 ഏക്കറിൽനിന്ന് 15 ഏക്കറായി വർദ്ധിപ്പിച്ചിട്ടുണ്ട്. തെങ്ങിന്റെ വാർഷിക ഉത്പ്പാദനം ചില മേഖലകളിൽ 70-ൽ കൂടുതലാണെന്നുള്ള കർഷകരുടെ പരാതി പരിഗണിച്ച് ഈ മേഖല കണ്ടെത്താൻ കാർഷിക വിദഗ്ദ്ധരുടെ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമാക്കി കൊപ്ര സംഭരണത്തിൽ പങ്കാളിയാകുകയും പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കി നാഫെഡിന് നൽകാൻ Vegetable and Fruit Promotion Council Keralam (VFPCK)-യെ ചുമതലപ്പെടുത്തുകയും ചെയ്തു. കേരളത്തിൽ കേരഫെഡിനെ സംഭരണത്തിന്റെ ചുമതലയിൽനിന്ന് ഒഴിവാക്കുന്ന കേന്ദ്രത്തിന്റെ നടപടികളുണ്ടായപ്പോൾ അതിൽ യാതൊരു പ്രയാസവുമുണ്ടാകാൻ പാടില്ലെന്ന തരത്തിലാണ് വി.എഫ്.പി.സി.കെ.-യും നാളീകേര വികസന കോർപ്പറേഷനെയുമെല്ലാം ഈ ചുമതലയിൽ കൊണ്ടുവന്നത്. ഈ സർക്കാരിന്റെ കാലത്ത് നാളീകേര ഉത്പ്പാദനത്തിനായി 232 കേരഗ്രാമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കി.

കഴിഞ്ഞ സർക്കാരിന്റെ കാലത്തെ 251 കേരഗ്രാമങ്ങൾക്ക് പുറമേയാണിത്. ഞാൻ ഓരോ മേഖലയെക്കുറിച്ചും പ്രത്യേകം പരാമർശിക്കുന്നില്ല. റബ്ബറിനെക്കുറിച്ച് കഴിഞ്ഞദിവസം അടിയന്തരപ്രമേയത്തിന്റെ ഭാഗമായും അല്ലാതെയും ഈ സഭയിൽ ചർച്ച ചെയ്തതിനാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമുക്ക് പച്ചക്കറി ഉത്പ്പാദനത്തിലടക്കം നല്ല വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. 2016-ൽ ഉണ്ടായിരുന്ന 6 ലക്ഷം ടണ്ണിൽ നിന്ന് 17 ലക്ഷം ടണ്ണിലേയ്ക്ക് ഇപ്പോൾ എത്താൻ കഴിഞ്ഞത് നല്ല ഇടപെടലിന്റെയും കാർഷിക മേഖലയ്ക്ക് ഗവൺമെന്റ് നൽകുന്ന പിന്തുണയുടെയും പിൻബലത്തിന്റെയും ഭാഗമായിട്ടാണ്. അതോടൊപ്പം കേരളത്തിന്റെ കാർഷിക മേഖലയെ ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമത്തിന്റെ ഭാഗമായി 2026-ഓടുകൂടി നിരവധി പദ്ധതികൾ ബഡ്ജറ്റിനപ്പുറത്തേയ്ക്കും ആവിഷ്കരിച്ച് നടപ്പിലാക്കും.

നമ്മുടെ മുമ്പിലുള്ള ഏറ്റവും വലിയ പ്രതിസന്ധി ഞാൻ തുടക്കത്തിൽ പരാമർശിച്ചതുപോലെ നമ്മുടെ രാജ്യത്ത് നടപ്പിലാക്കിയ നയങ്ങളും മറ്റുമാണ്. ആ നയങ്ങളുടെ ഭാഗമായി കർഷകർക്ക് മിനിമം സപ്പോർട്ട് പ്രൈസ് എന്നൊരാവശ്യം ഉന്നയിച്ചുകൊണ്ട് രാജ്യ തലസ്ഥാനത്ത് വലിയ

സമരം നടക്കുന്ന പശ്ചാത്തലത്തിൽ ഈ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ അതിനെക്കുറിച്ചുകൂടി ഒരു വരി അതിൽപ്പറയുമെന്ന് പ്രതീക്ഷിച്ചിരുന്നതാണ്. അതുണ്ടാകാതെ പോയത് ദൗർഭാഗ്യമെന്നേ പറയേണ്ടതുള്ളൂ. നമ്മളെല്ലാവരും ചേർന്നുനിന്ന് ആവശ്യപ്പെടേണ്ട കാര്യം അതായിരുന്നു. എം.എസ്.പി. ലീഗലൈസ് ചെയ്യണമെന്ന അഭിപ്രായത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നുണ്ട്. അതിലേറ്റവും കൂടുതൽ വേണ്ടത് കേന്ദ്രത്തിന്റെ സഹായംതന്നെയാണ്. കേന്ദ്രം ആവിഷ്കരിച്ച/ഏർപ്പെട്ട കരാറുകളുടെ ഭാഗമായിട്ടാണ് കേരളത്തിന്റെ കാർഷികമേഖല തകരുന്നതെന്ന കാര്യത്തിൽ ആർക്കാണ് സംശയമുള്ളത്. തകർച്ചയിൽ നിൽക്കുന്ന കാർഷിക മേഖലയെ സഹായിക്കാൻ ഏറ്റവും വലിയ ബാധ്യതയുള്ള കേന്ദ്രത്തിന്റെ കാര്യത്തിൽ നമ്മൾ ഒരു കാര്യവും മിണ്ടാതെ പോകുന്നത് ശരിയല്ല. നാമെല്ലാവരുംകൂടി ചേർന്നുനിന്ന് ആവശ്യപ്പെടേണ്ടത് കേന്ദ്രം കേരളത്തിന്റെ കാർഷിക മേഖലയിൽ കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുകയെന്നുള്ളതാണ്. കേരളത്തിലെ ഗവൺമെന്റ് പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും നടുവിൽ നിൽക്കുമ്പോഴും കേരളത്തിന്റെ കാർഷിക മേഖലയെ സഹായിക്കാൻ കഴിയുന്ന എല്ലാ

നടപടികളും നടപ്പിലാക്കുന്നുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയോട് ഈ സർക്കാരിന് പരിഗണനയാണുള്ളതെന്ന് കേരളത്തിൽ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ വ്യക്തമാകുന്നുണ്ട്. അത് കേരളത്തിന്റെ കാർഷിക മേഖലയിൽ കർഷകർ അനുഭവിക്കുന്നുണ്ട്. ആ സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കേരളത്തിലെ നാളികേര കർഷകർ ചരിത്രത്തിൽ തുല്യതയില്ലാത്ത രീതിയിലുള്ള പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ടാണ് പ്രസ്തുത വിഷയം സഭ നിർത്തിവച്ച് ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നത്. രാജ്യത്തെ കർഷകർ വളരെയേറെ പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കുന്നൊരു ഘട്ടമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കും 2020-ൽ രൂപീകരിച്ച മൂന്ന് കരിനിയമങ്ങൾക്കുമെതിരായി ചരിത്രത്തിൽത്തന്നെ പറഞ്ഞുകേട്ടിട്ടില്ലാത്ത രീതിയിലുള്ള ഐതിഹാസികമായ സമരങ്ങളാണ് നടന്നത്. സംയുക്ത കർഷക സമിതിയുടെ നേതൃത്വത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സമരം ഇന്ദ്രപ്രസ്ഥത്തിൽ അരങ്ങേറുകയുണ്ടായി. ആ സമരത്തെ തകർക്കാൻ വളരെ

മോശമായ രീതിയിൽ പല നീക്കങ്ങളും കേന്ദ്ര ഗവൺമെന്റ് നടത്തുകയുണ്ടായി. അതിനെയെല്ലാം അവർ അതിജീവിച്ചു. ഒടുവിൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു. ബിൽ പിൻവലിച്ചു എന്നതൊഴിച്ചാൽ അന്നത്തെ കരാറനുസരിച്ചുള്ള മറ്റ് ഉറപ്പുകളൊന്നും പാലിക്കപ്പെടാത്ത സന്ദർഭത്തിൽ വീണ്ടും ആ സംയുക്ത കർഷക സമിതിയുടെ ആഭിമുഖ്യത്തിൽ ഇന്നലെ കർഷകർ അമൃതസറിലെ സുവർണ്ണ ക്ഷേത്രത്തിൽനിന്ന് ഡൽഹി ലക്ഷ്യമാക്കി പുറപ്പെട്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ ആ സമരത്തിൽ ഇടതുപക്ഷ സംഘടനകൾ പങ്കെടുക്കുന്നില്ല എന്ന കാര്യംകൂടി അറിയിക്കാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുകയാണ്. ..........(ബഹളം).............

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... അദ്ദേഹം പറഞ്ഞോട്ടെ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇടതുപക്ഷ സംഘടനകൾ എന്തിന്റെ പേരിലാണ് ഇത്തരത്തിൽ മാറിനിൽക്കുന്നതെന്ന് എനിക്കറിയില്ല. ഇടതുപക്ഷ സംഘടനകൾ പതിനാറാം തീയതി ലുധിയാനയിൽനിന്ന് സമാന്തരമായ ഒരു സമരത്തിനാണ് ഏർപ്പാട് ചെയ്തിട്ടുള്ളത്. ഇക്കാര്യം ഈ സഭയിലുള്ള അംഗങ്ങൾ മനസ്സിലാക്കാൻ തയ്യാറാകണമെന്ന്

സൂചിപ്പിക്കുകയാണ്. രാജ്യത്തെ കർഷകർ വലിയ പ്രതിസന്ധി നേരിടുമ്പോൾ, അതിരൂക്ഷമായ പ്രതിസന്ധിയാണ് കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്നത്. അത് തിരിച്ചറിയാൻ മന്ത്രിമാർക്കും ഭരണകൂട വിഭാഗങ്ങൾക്കും കഴിയണം. നാളികേര കർഷകരുടെ അവസ്ഥ അതിരൂക്ഷമാണ്. അവർക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകിയെന്ന് ബഹുമാന്യനായ മന്ത്രിയുടെ പ്രസ്താവന കേൾക്കാനിടയായി. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി കുറെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. 'നൂറ് ചാക്ക് പഞ്ചസാര' എന്നുപറഞ്ഞാൽ നാവിൽ മധുരമുണ്ടാകില്ല എന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. കടലാസിൽ എഴുതിവച്ചതുകൊണ്ട് കർഷകർക്ക് ഗുണം കിട്ടില്ല. ഏട്ടിലെ പശു പുല്ല് തിന്നില്ല എന്നാണ് എനിക്ക് ബഹുമാന്യനായ ശ്രീ. പി. പ്രസാദിനോട് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രീ, താങ്കൾ ഈ പറഞ്ഞ കാര്യങ്ങൾ സംസ്ഥാനത്ത് എത്രകണ്ട് നടക്കുന്നുണ്ട് എന്നതുസംബന്ധിച്ച് ആലോചിക്കാൻ തയ്യാറാകണം. കർഷകർക്കുവേണ്ടി ചെയ്ത കുറെ കാര്യങ്ങൾ എണ്ണിയെണ്ണി ഇവിടെ വായിക്കുകയുണ്ടായി. അങ്ങനെ വായിച്ചതുകൊണ്ട് എന്താണ് ഗുണം? താങ്കളും ഒരു കർഷകനാണെന്ന കാര്യം എനിക്കറിയാം. കർഷകരുടെ വരുമാനം

വർദ്ധിപ്പിക്കാനും പ്രയാസങ്ങൾ ഒഴിവാക്കാനും പ്രതിസന്ധികളെ തടയാനും ഈ ഭരണകൂടത്തിന് സാധിച്ചിട്ടുണ്ടോ എന്നാണ് നിങ്ങൾ പറയേണ്ടത്. 2016-നുശേഷം കേരളത്തിലെ കർഷകർ അതിമഹത്തായ സൗകര്യങ്ങൾ ആസ്വദിക്കുന്നുവെന്നാണ് പറഞ്ഞത്. എവിടെനിന്നാണ് ഈ കണക്ക് കിട്ടിയത്; എന്ത് ധൈര്യത്തിലാണ് നിങ്ങളിത് പറയുന്നത്? 2016-ൽ നിർത്തിവച്ച നാളികേര സംഭരണം വീണ്ടും തുടങ്ങുന്നത് ആറരക്കൊല്ലത്തിന് ശേഷം 2022-ലാണ്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് എത്ര നാളികേരം സംഭരിച്ചു? അതുസംബന്ധിച്ച് തെറ്റായ കാര്യങ്ങൾ പറയുകയാണ്. ഇങ്ങനെ ചെയ്താൽ കർഷകർ രക്ഷപ്പെടുമോ? 2012-ൽ നിങ്ങൾ നാളികേര സംഭരണം ആരംഭിച്ചത് മൂന്ന് കേന്ദ്രങ്ങളിലാണ്. അറുപത്തിയഞ്ച് ലക്ഷത്തോളം വരുന്ന കർഷകരിൽനിന്ന് നാളികേരം സംഭരിക്കാൻ തിരുവനന്തപുരം, മലപ്പുറം ജില്ലയിലെ പൊന്നാനി, തൃശ്ശൂർ എന്നിവിടങ്ങളിലായി മൂന്ന് കേന്ദ്രങ്ങളാണ് ആരംഭിച്ചത്. കാസർഗോഡുള്ള നാളികേര കർഷകർ അവരുടെ വിള ഇവിടങ്ങളിൽ കൊണ്ടുവന്ന് വിൽക്കേണ്ട സ്ഥിതിയാണ്. ഇക്കാര്യം ഈ സഭയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി സംഭരണ കേന്ദ്രങ്ങളുടെ എണ്ണം കൂട്ടിയപ്പോൾ നൂറ്റി

ചിലയിടം കേന്ദ്രങ്ങളിൽ മാത്രമാണ് നാളികേരം സംഭരിച്ചിരുന്നത്. അതിപ്പോഴില്ല. ഡിസംബറിനുശേഷം നാളികേരം സംഭരിച്ചിട്ടില്ല. മേയ് മാസത്തിനുശേഷം മൊബൈൽ യൂണിറ്റും നിർത്തലാക്കി. ഒക്ടോബറിനുശേഷം കർഷകർക്ക് പണവും നൽകിയിട്ടില്ല. ഒക്ടോബർ വരെ കേന്ദ്രം നൽകുന്ന വിഹിതമായ ഇരുപത്തിയൊൻപത് രൂപ മാത്രമെ നൽകിയിട്ടുള്ളൂ. ഈ സംഭരണ കാലത്ത് സംസ്ഥാനം നൽകേണ്ട മൂന്ന് രൂപ കർഷകർക്ക് നൽകിയിട്ടില്ല. ഇതാണിന്നത്തെ അവസ്ഥ. നിങ്ങൾ എല്ലാ കാര്യങ്ങൾക്കും കേന്ദ്രത്തെ കുറ്റം പറയും. കേന്ദ്രത്തിൽ നിങ്ങൾ കണക്കുപോലും കൊടുക്കാത്ത സാഹചര്യമുണ്ടായി എന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്. ലോകത്തുതന്നെ ഏറ്റവും കൂടുതൽ നാളികേരം ഉൽപാദിപ്പിച്ചിരുന്ന സംസ്ഥാനമായ കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയെന്താണ്? ഇന്ന് തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങി സംസ്ഥാനങ്ങൾക്ക് പിന്നിലാണ് കേരളത്തിന്റെ നാളികേര ഉൽപ്പാദനം. ............(ബഹളം).......................

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... അനാവശ്യ കമന്റുകൾ പറയരുത്. അദ്ദേഹം സംസാരിക്കട്ടെ. ബഹുമാനപ്പെട്ട അംഗം, ചെയറിനെ നോക്കി

സംസാരിക്കൂ. പ്രശ്നമുണ്ടാവില്ല. അങ്ങോട്ട് നോക്കുന്നതുകൊണ്ടാണ് കമന്റ്സ് വരുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കൃഷിഭൂമിയുടെ അളവും കൃഷിയുടെ ഉൽപ്പാദനവും ചുരുങ്ങി, ഉൽപ്പാദന ക്ഷമതപോലും കുറഞ്ഞുപോയി. 2015-16-ൽ 790.223 ഹെക്ടറിൽ നാളികേരമുണ്ടായിരുന്നു. എന്നാൽ 2022-23-ലെത്തിയപ്പോൾ അത് 760.354 ഹെക്ടറിലേയ്ക്ക് ചുരുങ്ങി. ഇവിടെ വലിയ അഭിവൃദ്ധിയാണെന്നാണ് പറയുന്നത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ അവസാന കാലത്ത് 2015-16-ൽ ഒരു ഹെക്ടറിൽനിന്ന് 5873 നാളികേരം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ വർഷം നമുക്ക് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞത് 5641 നാളികേരമാണ്. നമ്മുടെ ഉൽപ്പാദന ക്ഷമത പതിനാലായിരത്തിനടുത്തായിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരാൾ സംസാരിക്കുമ്പോൾ അദ്ദേഹത്തെ പരിഹസിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: അങ്ങിരിക്കൂ. ആരും അദ്ദേഹത്തെ ഒന്നും പറയുന്നില്ല. അദ്ദേഹം സംസാരിച്ചോട്ടെ. ബഹുമാനപ്പെട്ട അംഗം, ചെയറിനെ നോക്കി സംസാരിക്കൂ. .........(ബഹളം)........ പ്ലീസ്..... പ്ലീസ്..... അദ്ദേഹത്തിന്റെ

കന്നി അടിയന്തരപ്രമേയമാണിത്. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പതിനാലായിരത്തിനടുത്തായിരുന്ന ഉൽപ്പാദന ക്ഷമത കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷംകൊണ്ട് ചുരുങ്ങി നിലവിൽ 7419-ലെത്തി നിൽക്കുകയാണ്. നമ്മുടെ ദേശീയ ശരാശരി 9003 ആണ്. ഇവതമ്മിലുള്ള വ്യത്യാസം ആലോചിച്ചുനോക്കൂ. മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ മറികടന്ന് മുന്നേറിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കർഷകർ ആശ്രയിക്കുന്ന ഒരു വിളയാണ് നാളികേരം. നമ്മുടെ സംസ്ഥാനത്തിന്റെ പേരുതന്നെ വന്നത് 'നാളികേര'ത്തിന്റെ 'കേര'യും 'മലയാള'ത്തിന്റെ 'ളം'-ഉം ഉപയോഗിച്ചാണ് (കേരളം). മലയാളത്തിന്റെ അതേ അവസ്ഥയിലൂടെയാണ് ഇപ്പോൾ നാളികേരളവും കടന്നുപോകുന്നത്. സംസ്ഥാനത്തിന്റെ പേര് മാറ്റിയാൽ നല്ലതാണ്. നിലവിൽ പല സംസ്ഥാനങ്ങളുടെ പേരുകളും മാറ്റുന്നുണ്ട്. ഇത്രയും ദുരിതപൂർണമായ ഒരു സാഹചര്യമാണ് കാർഷിക മേഖലയിൽ, വിശിഷ്യാ നാളികേര കർഷകർ അഭിമുഖീകരിക്കുന്നത്. നാളികേരത്തിന്റെ വില ഏറ്റവും കുറഞ്ഞ സമയമായിരുന്നു 2008-2011 കാലഘട്ടം. ആ കാലത്ത് ഒരു നാളികേരം കൊടുത്താൽ ഒരു ചെറുനാരങ്ങ കിട്ടുമായിരുന്നില്ല. 2011-ലെ നിയമസഭാ

തെരഞ്ഞെടുപ്പ് വേളയിൽ ഇക്കാര്യം വലിയ ചർച്ചയായിരുന്നു. തെങ്ങിന്റെ ചുവട്ടിലും റോഡരികിലും പുഴകളിലുമൊക്കെയായി നാളികേരം കുന്നുകൂടി കിടക്കുന്ന സാഹചരമാണുണ്ടായിരുന്നത്. തെങ്ങിൻചുവട്ടിൽ നാളികേരം മുളച്ച് നിൽക്കുന്ന അവസ്ഥയായിരുന്നു. 2011-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റ് അധികാരത്തിൽ വരികയുണ്ടായി. 2008-ൽ ഡോ. മൻമോഹൻ സിംഗിന്റെ യു.പി.എ. ഗവൺമെന്റ് പച്ചത്തേങ്ങ സംഭരിക്കാനുള്ള തീരുമാനമെടുത്തു. ഒരു നാളികേരത്തിന് നാല് രൂപ പത്ത് പൈസയ്ക്ക് സംഭരിക്കാനാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തത്. .........(ബഹളം)............

ശ്രീ. പി. കെ. ബഷീർ: സർ, ...........(മൈക്ക് ഓഫ്)............

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ, അങ്ങ് സീറ്റിലിരിക്കൂ. ........(ബഹളം)............ അദ്ദേഹം പൂർണ്ണമാക്കട്ടെ. നിങ്ങൾതന്നെ ബഹളമുണ്ടാക്കരുത്. ഇപ്പോൾ ആരും കമന്റ് ചെയ്യില്ല. ബഹുമാനപ്പെട്ട അംഗം സംസാരിച്ചോളൂ.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേന്ദ്ര സർക്കാർ ഒരു നാളികേരത്തിന് 4 രൂപ 10 പൈസ വച്ച് സംഭരിക്കാൻ 2008-ൽ

തീരുമാനമെടുത്ത് കോഴിക്കോട് വച്ച് ഉദ്ഘാടനം നടത്തിയെങ്കിലും പിന്നീട് സംഭരണം നിർത്തി. കേരളത്തിൽ വീണ്ടും നാളികേരത്തിന്റെ വില താഴേയ്ക്ക് കൂപ്പുകുത്തി. ഒരു നാളികേരത്തിന് 2.50 രൂപ പോലും വില കിട്ടാത്ത ആ കാലത്താണ് ഉമ്മൻചാണ്ടി ഗവൺമെന്റ് 2012-ൽ പച്ചത്തേങ്ങ സംഭരിക്കാൻ തീരുമാനമെടുക്കുന്നതും ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 14 രൂപ വില നിശ്ചയിക്കുന്നതും. അതോടുകൂടി ഒരു നാളികേരത്തിന്റെ വില 6 രൂപയോളം ഉയർന്നു. ആ ഗവൺമെന്റ് പതുക്കെപതുക്കെ വില കൂട്ടി ഒരു കിലോ നാളികേരം 38 രൂപയ്ക്ക് സംഭരിക്കുന്ന സാഹചര്യമുണ്ടായപ്പോൾ കർഷകന് ഒരു നാളികേരത്തിന് 15 രൂപ വില കിട്ടിയിരുന്നു. ഇങ്ങനെയൊരു സൗഭാഗ്യകാലം കേരളത്തിലുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുകൂടി ഞാനിത് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതോടുകൂടി അത് പോയി. നാളികേരത്തിന് പതിനഞ്ച് രൂപ വരെ കർഷകന് കിട്ടിയിരുന്ന സാഹചര്യത്തിൽ ഒരു കിലോ അരിയുടെ വില 30 രൂപയേ ഉണ്ടായിരുന്നുള്ളൂ. രണ്ട് നാളികേരവുമായി ചെന്നാൽ ഒരു കർഷകന് ഒരു കിലോ അരി വാങ്ങാമായിരുന്നു. അന്ന് ഒരു കർഷക തൊഴിലാളിയുടെ കൂലി 600 രൂപയായിരുന്നു. ഇന്നത് 900 രൂപയാണ്.

മി. സ്പീക്കർ: ദയവായി അങ്ങ് സഹകരിക്കണം, സമയം അധികരിച്ചു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, രണ്ട് മിനിറ്റുകൊണ്ട് അവസാനിപ്പിക്കാം. തെങ്ങുകയറ്റക്കാരന്റെ കൂലി അന്ന് 30 രൂപയായിരുന്നെങ്കിൽ ഇന്ന് ഞങ്ങളുടെ നാട്ടിൽ 50 രൂപയാണ്. ചില സ്ഥലങ്ങളിൽ 60 രൂപയുമുണ്ട്. വർദ്ധനവ് നൂറ് ശതമാനത്തിന്റേതാണ്. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നാളികേരത്തിന്റെ വില നേർ പകുതിയായി ചുരുങ്ങി. അരിയുടെ വില നേരെ ഇരട്ടിയായി. ഇന്ന് ഇടതുപക്ഷത്തിന്റെ പുന്നാര ഗവൺമെന്റിന്റെ കാലത്ത് എത്ര കിലോ നാളികേരം കൊണ്ടുപോയാൽ ഒരു കർഷകന് ഒരു കിലോ അരി വാങ്ങാൻ സാധിക്കും?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഈ വർദ്ധനവ്, കേരളത്തിലെ ഉൽപ്പാദന രംഗത്തെ ഈ അധികരിച്ച ചെലവ് സർക്കാർ കാണുന്നില്ല. വർദ്ധിച്ച ഉൽപ്പാദന ചെലവാണ് കേരളത്തിലുള്ളത് എന്ന് ആദ്യം തിരിച്ചറിയണം. അതുകൊണ്ട് മുൻ ഗവൺമെന്റിന്റെ കാലത്ത് നടത്തിയിരുന്നതുപോലെ എല്ലാ മേഖലയിലും സംഭരണം ഉറപ്പാക്കാനും

എല്ലാ കർഷകർക്കും സമീപത്ത് കൊണ്ടുപോയി വിൽക്കാൻ സാധിക്കാനും പണം കൃത്യമായി ലഭ്യമാക്കാനും കാലോചിതമായി നാളികേരത്തിന്റെ വില കിലോയ്ക്ക് 50 രൂപയെങ്കിലും വർദ്ധിപ്പിക്കാനും കഴിയുന്ന സാഹചര്യം ഈ സർക്കാർ ഉണ്ടാക്കണം എന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി(ശ്രീ. പി. പ്രസാദ്): സർ, ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ അടിയന്തരപ്രമേയത്തിനകത്ത് ഏറ്റവും പ്രധാനമായി പറഞ്ഞത് കേരളത്തിന്റെ കാർഷിക മേഖലയിലെ നാളികേരവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. എന്തുകൊണ്ടാണ് നാളികേര മേഖലയ്ക്ക് പ്രതിസന്ധിയുണ്ടാകുന്നത്? ബഹുമാനപ്പെട്ട അംഗം ഇവിടെ ഒരു പേര് സൂചിപ്പിച്ചു, 'മൻമോഹൻ സിംഗിന്റെ കാലം' എന്ന്. എന്റെ പൊന്നേ, ആ ഭയപ്പെടുത്തുന്ന ദിവസങ്ങൾ ഓർമ്മിപ്പിക്കല്ലേ എന്നേ എനിക്ക് പറയാനുള്ളൂ. അത് യാഥാർത്ഥ്യമല്ലേ. ആ കരാറുകൾ നമുക്ക് എന്ത് ഗുണം ചെയ്തു?... (ബഹളം)... പാമോയിൽ ഇറക്കുമതി ഉണ്ട് ശ്രീ. ടി. സിദ്ദിഖേ, 2009 ആഗസ്റ്റ് 13-ന് ആനന്ദ് ശർമ്മ ബാങ്കോക്കിൽ പോയി ആസിയാൻ കരാർ ഒപ്പിട്ട് 2010 മുതൽ ഇന്ത്യയിൽ നടപ്പിലാക്കിയപ്പോൾ എങ്ങനെയാണ് ഇവിടെ

പാമോയിൽ വന്നത്? 2009-ൽ അസംസ്കൃത പാമോയിലിന്റെ ഇറക്കുമതി ചുങ്കം 80 ശതമാനം, ഇപ്പോൾ എത്രയാണ്? പൂജ്യം. എങ്ങോട്ടാണ് എല്ലാം പോകുന്നത്. എന്താണ് പ്രതിപക്ഷം മിണ്ടാതിരിക്കുന്നത്. വിശ്വാമിത്രന് മേനകയിൽ ജനിച്ച പുത്രിയായ ശകുന്തളയെ വിശ്വാമിത്രൻതന്നെ തള്ളിപ്പറയുന്നതുപോലെയാണ് പ്രതിപക്ഷം ഇപ്പോൾ ഇതിനെ തള്ളിപ്പറയുന്നത്. പ്രതിപക്ഷത്തിന്റെ കുട്ടിയാണിത്. നിങ്ങൾ ഉണ്ടാക്കിയ കരാറാണിത്. അസംസ്കൃത പാമോയിലിന് 80 ശതമാനം ഇറക്കുമതി തീരുവ ഉണ്ടായിരുന്നത് ഇപ്പോൾ ഈ കരാറിന്റെ ഭാഗമായി പൂജ്യമായി മാറി. ശുദ്ധീകരിച്ച പാമോയിൽ 90 ശതമാനമുണ്ടായിരുന്നത് ഇപ്പോൾ 12.5 ശതമാനമാണ്. ആസിയാൻ കരാറിൽ ഒപ്പിടുന്നതിന് മുൻപ് സംസ്ഥാനവുമായി ചർച്ച നടത്തുമെന്ന് അന്നത്തെ പ്രധാനമന്ത്രി കേരളാ ഗവൺമെന്റിന് ഉറപ്പുനൽകിയിരുന്നെങ്കിലും ഒരു ചർച്ചയും ഉണ്ടായില്ല. ഏകപക്ഷീയമായി കരാർ ഒപ്പിട്ടു. ഈ പ്രശ്നം ഉണ്ടായതുതന്നെ അവിടെ നിന്നാണ്. നമ്മുടെ നാട്ടിലെ കാർഷിക മേഖലയെ ഇത് തകർക്കുമെന്ന് ഈ കരാറുകളുടെയെല്ലാം ഭാഗമായി അന്നേ തന്നെ പറഞ്ഞിരുന്നതാണ്. ഇന്ത്യ 13 സ്വതന്ത്ര വ്യാപാര കരാറുകളും 6 Preferential trade agreement-കളും

ഒപ്പുവച്ചിട്ടുണ്ട്. ഇതുകൂടാതെ യൂറോപ്യൻ യൂണിയനുമായും യുണൈറ്റഡ് കിംഗ്ഡവുമായും ഫ്രീ ട്രേഡ് എഗ്രിമെന്റുകൾ ഉണ്ടാകാനുള്ള ചർച്ച പുരോഗമിക്കുന്നുണ്ട്. പതിമൂന്നാമത്തെ ഫ്രീ ട്രേഡ് എഗ്രിമെന്റ് ഒപ്പുവച്ചത് 2022 ഏപ്രിലിലാണ്. നമ്മുടെ ഗവൺമെന്റ് ഉൾപ്പെടെ നടത്തിയ ഇടപെടലിന്റെ ഭാഗമായി ഒരു കരാറിൽനിന്ന് പിൻമാറിയിട്ടുണ്ട്. 2019 ഡിസംബർ 4-ന് കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രി പീയൂഷ് ഗോയൽ പാർലമെന്റിൽ നൽകിയ ഉത്തരത്തിൽ ഫ്രീ ട്രേഡ് എഗ്രിമെന്റാണ് പാമോയിൽ ഇറക്കുമതി വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കുകയും പാമോയിൽ ഇറക്കുമതി തീരുവ വീണ്ടും 5 ശതമാനം കൂട്ടുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. എല്ലാവരും ശ്രദ്ധിക്കണം, പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചത് നമുക്ക് ബുദ്ധിമുട്ടാണെന്ന് ഇന്ത്യൻ പാർലമെന്റിൽതന്നെ പറഞ്ഞിട്ടുണ്ട്. 'Import of palm oil happens mainly from ASEAN countries such as Indonesia and Malaysia under the Free Trade Agreements. Following surge in imports and threat of serious material injury to domestic industry.....'. ഇവിടത്തെ പ്രതിപക്ഷം എന്തിനാണ് വെറുതെ ആവശ്യമില്ലാതെ അവരുടെ വക്കാലത്ത്

പിടിക്കുന്നത്. എൻ.ഡി.എ.യ്ക്കുവേണ്ടി വക്കാലത്ത് പറയുന്ന ഒരാളായി ശ്രീ. കുറുക്കോളി മൊയ്തീൻ മാറാൻ പാടില്ലായിരുന്നു. കഴിഞ്ഞ നിയമസഭാ സാമാജികനായിരുന്ന ശ്രീ. ഒ. രാജഗോപാലിന്റെ അസാന്നിദ്ധ്യം ശ്രീ. കുറുക്കോളി മൊയ്തീൻ അദ്ദേഹത്തിന്റെ വർത്തമാനത്തിലൂടെ നികത്തിക്കൊടുക്കേണ്ട ആവശ്യം എന്തായാലും ഇല്ലായിരുന്നു. യാഥാർത്ഥ്യബോധമില്ലാതെ ഓരോ രംഗത്തും, റബ്ബറിന്റെ കാര്യത്തിലടക്കം ഇറക്കുമതി ചെയ്യുന്നതിനെക്കുറിച്ച് നമ്മൾ നേരത്തെ ഇവിടെ പറഞ്ഞിരുന്നതാണ്. ഈ കാര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് കേന്ദ്രം ഏർപ്പെട്ടിരിക്കുന്ന കരാറുകളുടെ ഭാഗമായി നമുക്ക് ഇത്തരം ബുദ്ധിമുട്ടുണ്ടാകുമ്പോൾ ആ കേന്ദ്രത്തിനെയല്ലേ അതിൽ കുറ്റം പറയേണ്ടത്. നമുക്ക് ലഭ്യമാകേണ്ട തുകയുടെ കാര്യത്തിൽ, എത്രയോ കോടി രൂപ, ഈ കണക്കുകളെല്ലാം പറഞ്ഞു. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്ത്യൻ തലസ്ഥാന നഗരിയിൽ യൂണിയൻ ഗവൺമെന്റിനെതിരായി ഒരു സമരവുമായി പോകുമ്പോൾ ആ സമരത്തെയും പ്രതിപക്ഷം ആക്ഷേപിക്കുകയാണ്. നമുക്ക് ലഭ്യമാകാനുള്ള തുക ലഭ്യമാകുമ്പോൾ മാത്രമേ കാർഷിക മേഖലയിൽ ഇതിനേക്കാൾ കൂടുതലായി നമുക്ക് കൊടുക്കാൻ

കഴിയുകയുള്ളൂ. യൂണിയൻ ഗവൺമെന്റ് ഉണ്ടാക്കുന്ന ആ പ്രതിസന്ധികളെ മറികടക്കുന്നതിനുവേണ്ടിയുള്ള നിലപാടുകൾ സ്വീകരിക്കുന്ന സംസ്ഥാന ഗവൺമെന്റിനെ പിന്തുണയ്ക്കുകയായിരുന്നു ശരിക്കും പ്രതിപക്ഷം ചെയ്യേണ്ടിയിരുന്നത്. 2024-25-ലെ കേന്ദ്ര ബജറ്റിൽ പൊട്ടാസ്യം ഫോസ്ഫേറ്റ് വളങ്ങളുടെ സബ്സിഡി റിവൈസ്ഡ് ബജറ്റിൽ 60,300/- കോടി രൂപ വകയിരുത്തിയിരുന്നത് 45,000/- കോടി രൂപയായി കുറച്ചിരിക്കുകയാണ്. രാസവളങ്ങൾക്ക് വീണ്ടും വില വർദ്ധിക്കാൻ ഇടവരുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. എന്തുകൊണ്ടാണ് പ്രതിപക്ഷത്തിന്റെ അജണ്ടയിൽ ഇതൊന്നും പെടാതെപോകുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ഡൽഹിയിൽ ഇന്ന് നടക്കുന്ന സമരത്തിൽ ഇടതുപക്ഷമേ ഇല്ല എന്നാണ്. സംയുക്ത കർഷക മോർച്ച എന്നുപറഞ്ഞാൽ അതിൽ എല്ലാവരും ഉൾപ്പെട്ടിരിക്കുന്ന വിവരം അദ്ദേഹത്തിന് അറിയില്ലേ? ആ സമരത്തിൽ പങ്കെടുക്കുന്ന സംഘടനകൾ തമ്മിൽ പൊതുധാരണയിലെത്തിയിട്ടുണ്ട്. ആ ധാരണയുടെ അടിസ്ഥാനത്തിൽ എല്ലാ പിന്തുണയും പിൻബലവുമായി ഇന്ത്യയിലെ ഇടതുപക്ഷ കർഷക സംഘടനകൾ അതിന്റെ മുന്നണിയിൽ തന്നെയുണ്ട് എന്നുള്ളത് ആർക്കാണ് അറിയാത്തത്. ഞങ്ങൾക്ക് യൂണിയൻ

ഗവൺമെന്റ് നടപ്പിലാക്കുന്ന കർഷക വിരുദ്ധ നിലപാടുകൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ ഒരു മടിയുമില്ല.

പറഞ്ഞുതുടങ്ങിയാൽ ഇവിടെ ഒരുപാട് കാര്യങ്ങളുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എം.എസ്. സ്വാമിനാഥനും ചൗധരി ചരൺ സിംഗിനും ഭാരതരത്നം കൊടുത്ത പ്രഖ്യാപനം അടുത്തിടെയുണ്ടായി. കാർഷിക മേഖലയുമായി ബന്ധപ്പെട്ട രാജ്യത്തെ പ്രമുഖരായ രണ്ട് പേർക്ക് ഭാരതരത്നം കൊടുക്കുമ്പോൾ ഇന്ത്യയിലെ കോടാനുകോടി കർഷകരെ ഈ നാട്ടിൽ അവഗണിക്കുകയും ഇന്ത്യൻ തലസ്ഥാന നഗരിയിൽ അവർക്ക് ടിയർ ഗ്യാസുകൾ സമ്മാനിക്കുകയും ചെയ്യുന്ന ഒരു യൂണിയൻ ഗവൺമെന്റിനെതിരെയല്ലേ നമ്മളെല്ലാവരും ഒന്നിച്ചുനിന്ന് വിരൽ ചൂണ്ടേണ്ടത്. ഈ പ്രതിസന്ധി ഘട്ടത്തിൽപ്പോലും കർഷകരെ സഹായിക്കുന്ന സംസ്ഥാന സർക്കാരിനെതിരെ വിരൽ ചൂണ്ടുക എന്നുപറഞ്ഞാൽ എന്ത് രാഷ്ട്രീയമാണ് അതിലുള്ളത്. കർഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ 2004-ൽ ചുമതലപ്പെടുത്തിയ സ്വാമിനാഥൻ കമ്മീഷൻ 2007-ൽ സമർപ്പിച്ച റിപ്പോർട്ട് പാർലമെന്റിൽ ചർച്ച ചെയ്യണമെന്ന് എൽ.ഡി.എഫ്. എം.പി.മാർ ഉൾപ്പെടെ പറഞ്ഞിട്ടും അന്നത്തെ മൻമോഹൻ സിംഗ്

ഗവൺമെന്റ് അതിന് തയ്യാറായില്ല. അതിന്റെ പിന്നാമ്പുറ കഥകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അദ്ദേഹവുമായി ഒരു കൂടിക്കാഴ്ചയ്ക്കും ചർച്ചയ്ക്കും തയ്യാറാകാതിരുന്ന ഭരണാധികാരികളുടെ പേരുകൾ യു.പി.എ. മുതൽ എൻ.ഡി.എ. വരെ നീളുന്നു എന്ന കാര്യംകൂടി നാം ഓർക്കേണ്ടതുണ്ട് എന്ന് മാത്രമേ പറയുന്നുള്ളൂ. ഇത് നമ്മുടെ മുന്നിലുള്ള യാഥാർത്ഥ്യം തന്നെയാണ്. അത് കണ്ടുകൊണ്ടുവേണം മുന്നോട്ടുപോകാൻ. അദ്ദേഹം പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് ഞാൻ വീണ്ടും പറയുകയാണ്. ഉൽപ്പാദനക്ഷമതയുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെയും കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. അത് ശരിയായ കാര്യമാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. കേരളത്തെക്കാൾ ഉൽപ്പാദനക്ഷമത തമിഴ്നാടിനും കർണ്ണാടകത്തിനുമുണ്ടാകുന്നു. അങ്ങനെയല്ലേ അങ്ങയുടെ മണ്ഡലത്തിലുൾപ്പെടെ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ സ്ഥലങ്ങളെക്കുറിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിച്ചപ്പോൾ കേരഗ്രാമം നടപ്പാക്കിയ സ്ഥലങ്ങളിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിച്ചുവെന്ന് തെളിഞ്ഞിരിക്കുകയല്ലേ. ഇത്തരം കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനെയാണ് നമ്മൾ

സഹായിക്കേണ്ടതും സംരക്ഷിക്കേണ്ടതും. കഴിഞ്ഞ ദിവസം ഈ നിയമസഭയിൽ ആദരണീയനായ വ്യവസായ വകുപ്പുമന്ത്രി മനോരമ ഓൺലൈനിലെ ഒരു വാർത്ത ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിലേയ്ക്ക് വെളിച്ചെണ്ണ കൊണ്ടുവന്നിരുന്ന തമിഴ്നാട്ടിലെ കാങ്കയം എന്ന സ്ഥലത്തെ വെളിച്ചെണ്ണ ഉല്പാദനം ഇപ്പോൾ തകർന്നിരിക്കുന്നു. അതുകൊണ്ട് ഇങ്ങോട്ടേയ്ക്ക് അധികം വെളിച്ചെണ്ണ വരുന്നില്ലെന്നത് മലയാള മനോരമയുടെ ഓൺലൈനിൽ വന്ന വാർത്തയാണ്. When 1077 cococut oil mills were started, another 1212 coconut drying units- mostly electric dryers-also came up in Kerala in the same period. ഇതാണ് കാരണങ്ങളായി പറയുന്നത്. ഇന്ന് കേരളത്തിൽ ഏതാണ്ട് രണ്ടായിരത്തിലധികം ചെറുകിട വെളിച്ചെണ്ണ ഉൽപ്പാദക യൂണിറ്റുകളുണ്ട്. ഈ വാർത്തയിൽതന്നെ കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ച് പറയുന്നുണ്ട്. വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ ഉൽപ്പാദനത്തിലേയ്ക്ക് നിരവധി സഹകരണ സ്ഥാപനങ്ങൾ വരുന്നു. നമ്മുടെ നാട്ടിൽനിന്നും നാളീകേരം സംഭരിച്ച് പ്രാദേശികമായി കർഷകർക്ക് കൂടുതൽ വില ലഭിക്കുന്ന തരത്തിലേയ്ക്കുള്ള നിലപാടുകൾ സ്വീകരിക്കുന്നു. കേരഗ്രാമങ്ങൾ, കൃഷിക്കൂട്ടങ്ങൾ, കുടുംബശ്രീ

യൂണിറ്റുകൾ എന്നിവയുടെ ഭാഗമായി ഒരു ലക്ഷം സംരംഭങ്ങൾ എന്ന് വരുമ്പോൾ ട്രേഡ് കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ ഫുഡ് പ്രോസസ്സിംഗിലാണ് വന്നിരിക്കുന്നത്. കേരളത്തിലെ നാളീകേര കർഷകരെ സഹായിക്കുന്ന തരത്തിലേയ്ക്ക് സംവിധാനങ്ങൾ വന്നതിനെയെല്ലാം അടച്ചാക്ഷേപിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ നേരത്തെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞ കണക്കുകൾക്കകത്ത് ഒരുപാട് തെറ്റുകളുണ്ട്. കേരളത്തിൽ ഇത്ര രൂപയുണ്ടായിരുന്നു; ഓരോ പഞ്ചായത്തുകളിലും ഇപ്പോൾ കുറഞ്ഞിരിക്കുന്നുയെന്നൊക്കെ അദ്ദേഹം സംസാരമധ്യേ പറഞ്ഞതായിരിക്കും. നാളികേര സംഭരണത്തിന്റെ കാര്യം സംബന്ധിച്ച് ഇന്നലെ അദ്ദേഹത്തിന്റെ സീറ്റിൽവച്ചൊരു സൗഹൃദ സംഭാഷണത്തിനിടയിൽ ഞാൻ പറയുകയുണ്ടായി. എവിടെയെങ്കിലും നാളീകേര സംഭരണത്തിനായി ഒരു കേന്ദ്രം ആവശ്യമുണ്ടെന്ന് പറഞ്ഞാൽ അവിടെ കേന്ദ്രം അനുവദിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാണ്. എം.എൽ.എ.-മാർ പറഞ്ഞാൽ ഞങ്ങളത് ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, എത്ര സ്ഥലത്ത് ആളുകൾ ഡിമാൻഡ്

ചെയ്തു?

ശ്രീ. പി. പ്രസാദ്: സർ, ഒരു ഡിമാന്റുപോലും എന്നോട് പറഞ്ഞിട്ടില്ലല്ലോ; എം.എൽ.എ.-മാർ കുറിച്ചുതന്നാൽ 24 മണിക്കൂറിനുള്ളിൽ അവിടെ പച്ചത്തേങ്ങ സംഭരണ കേന്ദ്രം ആരംഭിക്കാൻ സർക്കാർ സന്നദ്ധമാണ്. അക്കാര്യം ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. എല്ലാ പഞ്ചായത്തുകളിലും സംഭരണ കേന്ദ്രങ്ങൾ എന്ന കാര്യം വിട്ടേക്കൂ. നമ്മുടെ മുമ്പിൽ അനുഭവമുണ്ട്. 14 ജില്ലകളിലും വിജിലൻസ് കേസ്സുണ്ടായ, 14 ജില്ലകളുമായി ബന്ധപ്പെട്ട് അഴിമതിയുണ്ടായ പഴയ സംഭരണത്തിന്റെ കാര്യങ്ങൾ നമ്മുടെ മുമ്പിലുണ്ടെന്ന് ആദരണീയനായ ശ്രീ. കുറുക്കോളി മൊയ്തീൻകൂടി ഓർത്തിരുന്നാൽ മതിയാകും. ആ രീതിയിലേയ്ക്ക് ഇനിയും പോകാൻ പ്രയാസമാണ്. നമുക്കുണ്ടായ വീഴ്ചകളുടെ പഴുതുകൾ അടച്ച് മുന്നോട്ടുപോകണമെന്നതുകൊണ്ട് മൊബൈൽ സംഭരണ സംവിധാനങ്ങളുൾപ്പെടെ ഏർപ്പാടാക്കി നാളീകേരം സംഭരിക്കാനുള്ള നടപടി സ്വീകരിക്കാം. ആദരണീയനായ പ്രതിപക്ഷനേതാവ് ഇടയ്ക്ക് ചില പ്രശ്നങ്ങൾ പറയുകയുണ്ടായി. കേന്ദ്രത്തിന്റെ കൊപ്രാ സംഭരണത്തിന്റെ കാലം കഴിഞ്ഞുവെന്നും ഇപ്പോൾ സംഭരണം നടക്കുന്നില്ലെന്നുമാണ് അദ്ദേഹം

പറഞ്ഞത്. നേരത്തെ അങ്ങ് പറഞ്ഞൊരു കാര്യത്തെക്കുറിച്ച് ഇപ്പോൾ ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. കേന്ദ്രത്തിന്റെ കൊപ്രാ സംഭരണത്തിന് നിരവധി ഡിമാൻഡുകൾ അവർ വച്ചിട്ടുണ്ടായിരുന്നു. ആ പീരീഡ് കഴിഞ്ഞുയെന്നതിന്റെ പേരിൽ നമ്മുടെ പച്ചത്തേങ്ങാ സംഭരണം നിർത്താറില്ല. 365 ദിവസവും കിലോയ്ക്ക് 34 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്, അത് സംഭരിക്കുകയും ചെയ്യും. കേന്ദ്രം പറയുന്ന ഒരു ചെറിയ പീരീഡിന്റെ കാര്യം മാത്രമായി അതൊരിക്കലും മാറുകയില്ല. ഈ കാര്യത്തിൽ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ബഡ്ജറ്റിന്റെ ഭാഗമായി ഇപ്രാവശ്യവും കൂടുതൽ കേരഗ്രാമങ്ങൾ നടപ്പിലാക്കുന്നതാണ്. കേരഗ്രാമങ്ങളുമായി ബന്ധപ്പെട്ട് നാളികേരത്തിന്റെ വിവിധങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. കർഷകന്റെ വരുമാനത്തിൽ അതിന്റെ വർദ്ധനവുണ്ടാകുന്നുണ്ട്. കഴിഞ്ഞ ദിവസമാണ് മലപ്പുറത്ത് മലയാള മനോരമയുടെ കർഷകശ്രീ അവാർഡുദാന പരിപാടിക്ക് ഞാനും ആദരണീയനായ പ്രതിപക്ഷ ഉപനേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബും പങ്കെടുത്തത്. അവിടെ അവാർഡ് കൊടുത്ത കർഷകനോട്

ഞങ്ങളെല്ലാവരും സംസാരിക്കുകയുണ്ടായി. അദ്ദേഹത്തിന് പ്രതിമാസം ലഭ്യമാകുന്ന തുകയുടെ കാര്യം ഞങ്ങൾ ഒന്നിച്ചിരുന്നാണ് കേട്ടതാണ്. ഒരു സാധാരണ ചെറുപ്പക്കാരനായ കർഷകന് ഈ കേരളത്തിൽ സംസ്ഥാന കൃഷി വകുപ്പിന്റെ സഹായത്തോടും പിന്തുണയോടുംകൂടി മെച്ചപ്പെട്ട ജീവിതം നയിക്കാൻ സാധിക്കും. അദ്ദേഹത്തിന് പ്രതിമാസം 4 ലക്ഷം രൂപ വരുമാനമുണ്ടെന്നാണ് പറഞ്ഞത്. ഞാൻ മുമ്പ് ഇക്കാര്യം പറഞ്ഞപ്പോൾ കർഷകൻ ഓഡി കാർ വാങ്ങിയെന്ന് പറഞ്ഞ് എന്നെ പരിഹരിച്ചു. അദ്ദേഹം ഒരു ഓഡി കാർ വാങ്ങിച്ചാൽ... കോൺഗ്രസ്സിന്റെ ഒരു ബൂത്ത് പ്രസിഡന്റുകൂടിയാണ് ഞാൻ അന്ന് പറഞ്ഞ കാർ വാങ്ങിച്ചയാൾ. ഞാൻ രാഷ്ട്രീയം പറയാൻവേണ്ടി പറഞ്ഞതല്ല. ഇങ്ങനെയൊക്കെയുള്ള ഒരുപാട് വിജയകഥകൾ നമ്മുടെ മുമ്പിലുണ്ട്. അതിന്റെയെല്ലാം പിന്നിൽ ഒരു വകുപ്പിന്റെയും സർക്കാരിന്റെയും പിന്തുണയും പിൻബലവുമുണ്ട്. ഇക്കാര്യത്തിൽ കർഷകരെ കൂടുതലായി സഹായിക്കേണ്ടതും പിന്തുണയ്ക്കേണ്ടതും ഒരു ഗവൺമെന്റാണ്. അത് കേന്ദ്ര ഗവൺമെന്റാണ്/ യൂണിയൻ ഗവൺമെന്റാണ്. എന്നാൽ ആ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്ന കരാറുകളും നടപ്പിലാക്കുന്ന നയങ്ങളും പരിപാടികളും രാജ്യത്തെ കാർഷിക

മേഖലയ്ക്ക് ഗുണകരമല്ല. ഈ പ്രതിസന്ധി കാലഘട്ടത്തിലും കർഷകരെ സഹായിക്കാൻ നിലപാട് സ്വീകരിക്കുന്നുവെന്നതും കർഷകരെ പരിഗണിക്കുകയും ചേർത്തുനിർത്തുകയും ചെയ്യുന്നുവെന്നതും കേരള സർക്കാരിന്റെ നേട്ടം തന്നെയാണ്. ഇനിയും കൂടുതൽ സഹായിക്കേണ്ടതും ഇടപെടേണ്ടതുമുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞതുപോലെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഈ നിയമസഭയുടെ പൊതുവികാരമെന്നത് ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഒരു സംസ്ഥാനത്ത് അതിന് വിരുദ്ധവും വിപരീതവുമായി പ്രവർത്തിക്കുന്ന ഒരു യൂണിയൻ ഗവൺമെന്റിനെതിരായി പ്രത്യേകിച്ച്, മിനിമം സപ്പോർട്ട് പ്രൈസ് ലീഗലൈസ് ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഡൽഹിയിൽ കർഷക സമരം നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ ആ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ തീർച്ചയായും വരുംകാലങ്ങളിൽ... ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ മേഖലയിൽ സർക്കാരിന് ഇനിയും കുറേയേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട

ഒന്നായി എടുത്തുപറയേണ്ടത് പുതിയ തെങ്ങുംതൈകൾ സ്ഥാപിക്കുക അല്ലെങ്കിൽ റീ-പ്ലാന്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കുകയെന്നതാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ച കേര പദ്ധതിയെക്കുറിച്ച്, 6 ജില്ലകളിൽ റീ-പ്ലാന്റിംഗിന് ധനസഹായം ലഭിക്കുന്ന കാര്യവും റബ്ബറിന്റെ കാര്യവുമൊക്കെ അന്ന് ഞാനിവിടെ പറഞ്ഞതാണ്. അതോടൊപ്പംതന്നെ Partial Credit Guarantee Support (PCGS) സ്കീമിന്റെ ഭാഗമായി നാളികേരള കൃഷിക്ക് ആവശ്യമായ സഹായമെത്തിക്കാൻ സാധിക്കുന്നതാണ്. 25,000 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷിക്കായി 22 കോടി രൂപ കേരപദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 20,000 ഹെക്ടർ സ്ഥലത്ത് സുസ്ഥിര തെങ്ങ് കൃഷി വികസനത്തിനും കുള്ളൻ തെങ്ങുകളുടെയും ഹൈബ്രിഡ് തെങ്ങുകളുടെയും ഉൽപ്പാദനത്തിനും തോട്ടം മേഖലയിൽ റബ്ബർ, ഏലം, കാപ്പി എന്നിവയുടെ പുനരുജ്ജീവനത്തിനും കേര പദ്ധതിയിലൂടെ ലക്ഷ്യം വച്ചിട്ടുണ്ട്. 2,375 കോടിയോളം രൂപയുടെ പദ്ധതി 2024 ഏപ്രിൽ മുതൽ കേരളത്തിൽ നടപ്പിലാകുന്നുവെന്നതും 1979-നുശേഷം കേരളത്തിന്റെ കാർഷിക മേഖലയിലേയ്ക്ക് ആദ്യമായി ഇത്രയും വലിയൊരു പദ്ധതി വരുന്നത് ഈ സർക്കാരിന്റെ തീവ്രശ്രമത്തിന്റെയും ഇടപെടലിന്റെയും

ഭാഗമായിട്ടാണെന്നതും നാം മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് കേരളത്തിന്റെ കാർഷിക മേഖലയിൽ ഏറ്റവും പ്രാധാന്യത്തോടുകൂടി പരിഗണിക്കുന്ന കർഷകരെ ചേർത്തുനിർത്തുന്ന സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നുകൂടി പറഞ്ഞുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞില്ല. ഏതായാലും ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ഞാൻ ഒരിക്കൽക്കൂടി പറയുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ആദ്യം അങ്ങയോടൊരു വിഷമം പങ്കുവയ്ക്കുകയാണ്. നമ്മൾ കുറേ നാളുകളായി നിയമസഭയിലിരിക്കുന്നവരാണ്. ഇന്ന് ഈ വിഷയം അവതരിപ്പിച്ച ശ്രീ. കുറുക്കോളി മൊയ്തീൻ സാധാരണക്കാർക്കിടയിൽ ജീവിച്ച സാധാരണക്കാരനായൊരു മനുഷ്യനാണ്. അദ്ദേഹം പ്രവർത്തിക്കുന്ന ഒരു

മേഖലയെക്കുറിച്ച് അദ്ദേഹത്തിന്റേതായ ഭാഷയിലും രീതിയിലും ഇവിടെ അവതരിപ്പിക്കുമ്പോൾ എല്ലാ മന്ത്രിമാരുമെന്ന് ഞാൻ പറയുന്നില്ല പക്ഷെ, ഒന്നുരണ്ട് മന്ത്രിമാരുൾപ്പെടെയുള്ള അംഗങ്ങൾ അദ്ദേഹത്തെ പരിഹസിക്കുകയായിരുന്നു. അതൊരിക്കലും ഈ സഭയിൽ ആവർത്തിക്കപ്പെടരുത് എന്നു ഞാൻ പറയുകയാണ്. കർഷകരുടെ പ്രശ്നങ്ങൾ പറയുമ്പോൾ അവരോട് പരിഹാസവും പുച്ഛവുമാണോ കാണിക്കേണ്ടത്. പ്രതിപക്ഷം എന്തിനാണ് ഇങ്ങനെയൊരു വിഷയം കൊണ്ടുവന്നത്. നിങ്ങൾ എല്ലാ കാര്യത്തിലും രാഷ്ട്രീയം മാത്രം കാണുന്നതുകൊണ്ടുള്ള വിഷയമാണ്. റൂൾ 50 പ്രകാരം ഒരു വിഷയം അവതരിപ്പിച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നതെന്തിനാണ്? അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി രണ്ട് പ്രാവശ്യം സംസാരിക്കും, എന്നാൽ അതേ വിഷയം ചർച്ചയ്ക്കെടുത്താൽ ഒരുപാട് അംഗങ്ങൾക്ക് സംസാരിക്കാൻ സാധിക്കും. കേരളത്തിലെ കർഷകരുടെ വൈവിദ്ധ്യമാർന്ന പ്രശ്നങ്ങൾ അവരെ പ്രതിനിധീകരിച്ച് ഇവിടെ വന്നിരിക്കുന്ന നമ്മളെല്ലാവരും ഈ നിയമസഭയിൽ അവതരിപ്പിക്കുകയും അത് മാധ്യമങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുകയും ചെയ്യും. ഇതിലൂടെ കുറവുകളും

കുറ്റങ്ങളും തിരുത്താനും പോസിറ്റീവായെടുത്ത് മുന്നോട്ടുപോകുന്ന വിധത്തിൽ കാര്യങ്ങൾ എടുക്കണ്ടേ. വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണോയെന്ന് അറിയില്ല, പാർലമെന്റിൽ പറയേണ്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട ഭരണകക്ഷിയംഗങ്ങൾ ഈ നിയമസഭയിൽ പറഞ്ഞുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിനും അവരുടെ നയങ്ങൾക്കും എതിരായി സംസാരിക്കേണ്ടത് പാർലമെന്റിലല്ലേ. കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരായി അദ്ദേഹം ഇവിടെ സംസാരിച്ചല്ലോ; കർഷക സമരം നടക്കുന്നുവെന്നും അത് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്നുവെന്നും അവരെ അടിച്ചമർത്താൻ കേന്ദ്ര സർക്കാർ ശ്രമിക്കുന്നുവെന്നുമൊക്കെ അദ്ദേഹം ഇവിടെ പറഞ്ഞല്ലോ? ഒന്നാമതായി, മിനിമം സപ്പോർട്ട് പ്രൈസ് (എം.എസ്.പി)-നുള്ള ലീഗൽ ഗ്യാരന്റിയാണ് ആ സമരത്തിലൂടെ കർഷകർ മുന്നോട്ടുവയ്ക്കുന്ന ഏറ്റവും വലിയ ഡിമാൻഡ്. രണ്ടാമതായി, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് അംഗീകരിക്കണമെന്നതാണ്. അതൊന്നും ഒരു ഫേസിൽ ചെയ്യാൻ പറ്റുന്നതല്ലെങ്കിലും പല ഫേസിലായി ചെയ്യേണ്ട കാര്യങ്ങളാണ്.

സ്വാമിനാഥൻ കമ്മീഷന്റെ ഏറ്റവും വലിയ റെക്കമെന്റേഷൻ എന്താണ്; കൃഷി

ചെലവിന്റെ അതായത് ഒരു ഉല്പന്നം ഉണ്ടാക്കുന്നതിന്റെ ചെലവിനോടൊപ്പം 50% കൂട്ടി എം.എസ്.പി. നിശ്ചയിക്കണമെന്നതാണ് പ്രധാനപ്പെട്ട റെക്കമെന്റേഷൻ. അങ്ങനെയാണെങ്കിൽ കർഷകന് അത് വളരെയധികം ആശ്വാസമാകും. നിലവിൽ കർഷകന് കാർഷികവൃത്തിയിൽനിന്ന് പിൻമാറുന്നതിനുള്ള പ്രവണതയാണുള്ളത്. നിവർത്തികേടുകൊണ്ടാണ് പലരും ഇപ്പോഴും കൃഷിയിൽതന്നെ തുടരുന്നത്. മനോരമയുടെ അവാർഡ് നേടിയ 4,00,000 രൂപ മാസവരുമാനവും ഓഡി കാറുമുള്ള കർഷകനാണോ കേരളത്തിലെ ഒരു സാധാരണ കർഷകന്റെ പ്രതീകമെന്നാണ് എന്റെ ചോദ്യം; കേരളത്തിലെ വനാതിർത്തികളിലും ഹൈറേഞ്ചിലും മറ്റുപ്രദേശങ്ങളിലും കഷ്ടപ്പെടുന്ന/പ്രയാസപ്പെടുന്ന ഒരു കർഷകന്റെ ചിഹ്നം ഓഡി കാറുള്ള കർഷകനെപോലെയാണോ എന്നതാണ് എന്റെ ചോദ്യം? ഓരോ പ്രദേശത്ത് ചെല്ലുമ്പോഴും ഇന്ന് ഏറ്റവും കൂടുതൽ ദുരിതങ്ങളും കഷ്ടതകളും അനുഭവിക്കുന്നത് അവരാണ്. കേരളത്തിലെ കാർഷിക മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. നാളികേര കർഷകരുടെയും നെൽകർഷകരുടെയും കാര്യങ്ങൾ പറഞ്ഞു. അടയ്ക്കയ്ക്ക് കുറച്ച് വിലയുണ്ട്. എന്നാലതിന്റെ ഉൽപ്പാദനക്ഷമത വളരെ മോശമായി. കാരണം ഇല

പൊഴിയുന്ന രോഗങ്ങൾ പുതിയായി വന്നു. അടയ്ക്കാ കർഷകരുടെ സംഗമം ഞങ്ങൾ കാസർഗോഡ് ജില്ലയിൽ വച്ച് നടത്തിയതാണ്. അതിന് വിലയുണ്ടെങ്കിലും ഉൽപ്പാദനക്ഷമത ഗണ്യമായി കുറഞ്ഞു. അപ്പോൾ ഉല്പാദന ചെലവ് കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല. നാളികേരത്തിന്റെ കാര്യത്തെ സംബന്ധിച്ച് എന്താണ് പറഞ്ഞത്; നാളികേര കൃഷിയിൽ നിന്നും ലഭിക്കുന്ന വരുമാനം തുലോം തുച്ഛമാണ്. അതുകൊണ്ടുതന്നെ തെങ്ങ് കയറാൻ പോലും ഇപ്പോൾ ആളെ കിട്ടാത്ത സാഹചര്യമാണുള്ളത്. കാരണം തെങ്ങ് കയറുന്നവർക്ക് കൂലി കൊടുക്കാൻ പോലുമുള്ള കാശ് നാളികേരം വിൽക്കുന്നതിലൂടെ ലഭിക്കാത്തൊരവസ്ഥയിലേയ്ക്ക് നാളികേര കൃഷി മാറിയിരിക്കുന്നു. നാട്ടിൻപുറങ്ങളിലെ തെങ്ങുകളുടെ അവസ്ഥയെന്താണ്; പണ്ട് തെങ്ങുകൾ ഭംഗിയായി ചെത്തി വൃത്തി സൂക്ഷിക്കുമായിരുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ടൊരു കാര്യം വിട്ടുപോയിയെന്ന് തോന്നുന്നു. ഇപ്പോൾ എല്ലാ മാളുകളിലും കമ്പനികളിലും ഇന്തോനേഷ്യയിൽ നിന്ന് ഇറക്കുമതി ചെയ്ത നാളികേരവും വിയറ്റ്നാമിൽനിന്നുള്ള കുരുമുളകുമാണ് എത്തിക്കുന്നത്. ഇതിനെക്കുറിച്ചൊന്നും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

യാതൊരു പരാമർശവും നടത്തുന്നില്ലല്ലോ? ഇപ്പോൾ സംസ്ഥാനത്തെ എല്ലാ മാളുകളിലും ഇന്തോനേഷ്യയിലെ നാളികേരവും വിയറ്റ്നാമിലെ കുരുമുളകുമാണ് വില്പന നടത്തുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ഇത്തരം നയത്തിനെതിരെ അങ്ങ് യാതൊന്നും പറയുന്നില്ലല്ലോ; അതിനെ സംബന്ധിച്ചല്ലേ സഭ ഒന്നടങ്കം പറയേണ്ടത്; ഒരു കൃഷിക്കാരൻ എന്ന നിലയ്ക്കാണ് ഞാൻ ഇക്കാര്യം പറയുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സംസാരിച്ച് തുടങ്ങിയതല്ലേയുള്ളൂ. കഴിഞ്ഞ പ്രാവശ്യം ഈ വിഷയം ഞാൻ സഭയിൽ കൊണ്ടുവന്നതാണ്. അങ്ങ് അത് കേട്ടിട്ടില്ലെങ്കിൽ അന്നത്തെ എന്റെ പ്രസംഗം പരിശോധിച്ചാൽ മതി. അങ്ങ് ഇപ്പോൾ എവിടെ പറഞ്ഞ കാര്യം അന്ന് ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. കേരളത്തിലെ പ്രധാനപ്പെട്ട മാളുകൾ പരിശോധിച്ചാൽ വിയറ്റ്നാമിൽനിന്നും മറ്റുസ്ഥലങ്ങളിൽ നിന്നുമുള്ള കുരുമുളകാണ് വില്പനയ്ക്ക് വച്ചിരിക്കുന്നതെന്ന് കാണാൻ സാധിക്കും. നമ്മുടെ രാജ്യത്തേയ്ക്കും പ്രത്യേകിച്ച് കേരളത്തിലേയ്ക്കും ഏറ്റവും വലിയ അധിനിവേശമുണ്ടായത് നാണ്യവിളകൾക്കുവേണ്ടിയാണ്. അതിൽത്തന്നെ ബ്ലാക്ക് ഗോൾഡ് എന്നറിയപ്പെടുന്ന കുരുമുളകിനുവേണ്ടിയാണ് ഏറ്റവും

വലിയ അധിനിവേശമുണ്ടായത്. ഇക്കാര്യം ഞാൻ കഴിഞ്ഞ പ്രാവശ്യവും ഞാൻ ഈ സഭയിൽ ഉന്നയിച്ചതാണ്. അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണ്. നമ്മൾ ഇക്കാര്യത്തിൽ എന്താണ് ചെയ്യേണ്ടതെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

നാളികേരത്തിന്റെ സംഭരണവില 34 രൂപയായി പ്രഖ്യാപിച്ചു. നാളികേരത്തിന്റെ സംഭരണം കൃത്യമായി നടന്നാൽ നാളികേര കർഷകർക്ക് ആശ്വാസമാകും. എത്ര കർഷകരുടെ നാളികേരം സംഭരിക്കാൻ കഴിയുന്നുണ്ടെന്നത് പ്രധാനപ്പെട്ട വിഷയമാണ്. ആ സംഭരണം വിജയകരമാണോ; കേരളത്തിൽ 50000 ടൺ നാളികേരം സംഭരിക്കാനുള്ള അനുമതി ലഭിച്ചു. അങ്ങനെ സംഭരിക്കുന്നതിന് കേന്ദ്രത്തിൽനിന്നും 29 രൂപയുടെ സഹായംകൂടി ലഭിക്കും. എന്നിട്ട് നമ്മൾ എത്ര ടൺ നാളികേരം സംഭരിച്ചു; പതിനായിരം ടൺ/പതിനൊന്നായിരം ടൺ അതായത് ഉല്പാദിപ്പിച്ചതിന്റെ വെറും അഞ്ചിലൊന്ന് ശതമാനം നാളികേരം മാത്രമാണ് സംഭരിച്ചിരിക്കുന്നത്. ഇതേ സാഹചര്യത്തിൽ തമിഴ്നാട്ടിന്റെ അവസ്ഥ എന്താണെന്ന് പരിശോധിച്ചുനോക്കൂ. തമിഴ്നാടിനോട് 50000 ടൺ നാളികേരം സംഭരിക്കാൻ പറഞ്ഞപ്പോൾ 50000 ടൺ നാളികേരം

സംഭരിക്കുകയും ബാക്കി 34000 ടൺ നാളികേരം സംഭരിക്കാനുള്ള പ്രത്യേക അനുമതി കേന്ദ്രത്തിൽനിന്നും വാങ്ങിക്കുകയും ചെയ്തു. നാളിതുവരെ അവർ 75000 ടൺ നാളികേരം സംഭരിച്ചു. 80000 ടൺ നാളികേരം സംഭരണത്തിലേയ്ക്കാണ് അവർ ഇപ്പോൾ പോയിക്കൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിൽ 80000 ടൺ നാളികേരം സംഭരിക്കുമ്പോൾ കേരളത്തിന് 50000 ടൺ സംഭരിക്കേണ്ട അവസരത്തിൽ അതുപോലും കൃത്യമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. കേരളത്തിന്റെ സംഭരണപ്രക്രിയ പരാജയപ്പെട്ടു. ഇവിടെ ശ്രീ. കുറുക്കോളി മൊയ്തീൻ പറഞ്ഞപ്പോൾ ഭരണപക്ഷാംഗങ്ങൾ ബഹളമുണ്ടാക്കുകയായിരുന്നു. 2017-18 മുതൽ 2020-21 വരെ കൃഷി വകുപ്പ് മുഖേന യാതൊരു സംഭരണവും കേരളത്തിൽ നടന്നിട്ടില്ലെന്നും ഉമ്മൻ ചാണ്ടിയുടെ കാലത്താണ് നാളികേര സംഭരണം ആരംഭിച്ചതെന്നുമാണ് ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞത്. അന്നത്തെ കാലത്ത് നാളികേര സംഭരണം വിജയകരമായി മുന്നോട്ടുപോയി. കൃഷിഭവനിലൂടെ നാളികേരം സംഭരിക്കാൻ നടത്തിയ ശ്രമം വിജയകരമായിരുന്നു. അത്തരത്തിൽ വ്യാപകമായ തരത്തിൽ സംഭരണമുണ്ടായി. അപ്പോൾ അക്കാര്യം ഈ സർക്കാർ പരിശോധിക്കണം.

അതിനുവേണ്ടിയാണ് പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങൾ ഈ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. നാളികേര സംഭരണ കാര്യത്തിൽ ഗൗരവതരമായ പരാജയമുണ്ടായിട്ടുണ്ട്. കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ചെന്നപ്പോൾ ഏറ്റവും കൂടുതൽ നാളികേരം ഉല്പാദിപ്പിക്കുന്ന ആലപ്പുഴ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും ചെന്നപ്പോൾ നാളികേര കർഷകർക്ക് ഭയങ്കര സങ്കടമാണ്. അവർക്ക് സംഭരണകേന്ദ്രത്തിലേയ്ക്ക് നാളികേരം വാഹനത്തിൽ കൊണ്ടുപോകാനുള്ള കാശ് പോലും ഈ നാളികേരം വിറ്റാൽ കിട്ടുന്നില്ല. അതിനാൽ സംഭരണത്തിലുള്ള പാളിച്ച മാറ്റി ഫലപ്രദമാക്കുകയും നാളികേര കർഷകർക്ക് ആശ്വാസം നൽകുന്ന തരത്തിൽ അതിന്റെ വില വർദ്ധിപ്പിക്കുകയും വേണം. 34 രൂപ സംഭരണവിലയെന്ന് പറയുന്നത് വളരെ കുറവായതിനാൽ 40 രൂപവരെയെങ്കിലും വർദ്ധിപ്പിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ടെന്നത് പ്രധാനപ്പെട്ട കാര്യമാണ്. നാളികേരത്തിന്റെ കാര്യത്തിൽ എല്ലാം ശരിയാണെന്ന് പറയുന്നത് പൂർണ്ണമായും തെറ്റാണ്. നാളികേര സംഭരണം പരാജയപ്പെടുകയും നാളികേര കൃഷിയിൽനിന്നും ആളുകൾ പിൻമാറുകയും ചെയ്യുകയാണ്. കേരളത്തിൽ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും അയൽ സംസ്ഥാനങ്ങളുമായി

താരതമ്യപ്പെടുത്തുമ്പോൾ വർഷംതോറും ഗണ്യമായി കുറഞ്ഞുവരികയാണെന്നത് യാഥാർത്ഥ്യമാണ്. ഇതിനെയെല്ലാം മറച്ചുവച്ചുകൊണ്ട് കർഷകരെ കെട്ടിപിടിച്ചിരിക്കുകയാണെന്നും ചേർത്തുപിടിച്ചിരിക്കുകയാണെന്നുമൊക്കെ പറഞ്ഞാൽ മാത്രം മതിയോ; കർഷകരുടെയും അവരുടെ കുടുംബത്തിന്റെയും അദ്ധ്വാനവുംകൂടി ഉല്പാദന ചെലവിൽ കൂട്ടണമെന്ന് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. ഇപ്പോൾ റബ്ബറാണ് ഉല്പാദിപ്പിക്കുന്നതെങ്കിൽ ആ ആ കർഷകന്റെ വീട്ടുകാർ അതായത്, ഭാര്യയോ അമ്മയോ ആയിരിക്കും ഈ റബ്ബർ ഷീറ്റ് ഉണക്കുന്നത്. അവരുൾപ്പെടെയുള്ള കുടുംബനാഥന്റെയും കുടുംബാംഗങ്ങളുടെയും അദ്ധ്വാനത്തിന്റെ ചെലവുകൂടി ഉല്പാദന ചെലവിന്റെ ഭാഗമായി കൂട്ടണം. അങ്ങനെ കർഷകന് ജീവിക്കാൻ കഴിയുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടോ; റബ്ബറിന്റെ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. കഴിഞ്ഞ പ്രാവശ്യവും പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുമൊക്കെ ചിരിയും സന്തോഷം കണ്ടപ്പോൾ റബ്ബർ കർഷകരനുഭവിക്കുന്ന പ്രതിസന്ധിയെപ്പറ്റി മറുപടി പറഞ്ഞപ്പോൾ റബ്ബറിന്റെ

വില കൂട്ടാൻ പോവുകയാണെന്നാണ് ഞാൻ വിചാരിച്ചത്. അങ്ങനെ പ്രതീക്ഷിക്കുകയും ചെയ്തു. എന്നാൽ റബ്ബറിന്റെ വിലയിൽ 10 രൂപ വർദ്ധിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിരാശപ്പെടുത്തി. അതുപോലും നാലഞ്ച് മാസങ്ങളായി ആളുകൾക്ക് നൽകുന്നില്ല. അതിനാൽ റബ്ബർ കൃഷിയിൽനിന്നും കർഷകർ പിൻമാറുകയാണ്. കേരളത്തിന് ഒരു അഗ്രികൾച്ചർ എക്കോണമിയുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണം. അത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ ഏറ്റവും വലിയ സംഭാവന ചെയ്യുന്ന ഒന്നാണ് റബ്ബർ കൃഷി. കേരളം വലിയ കാർഷിക സംസ്ഥാനമല്ലെങ്കിലും റബ്ബർ, നാണ്യവിള, നാളികേരം തുടങ്ങിയ നിരവധി ഭക്ഷ്യ ഉല്പന്നങ്ങളിലൂടെ കേരളത്തിനൊരു അഗ്രികൾച്ചറൽ എക്കോണമിയുണ്ട്. എന്നാലിപ്പോൾ ആ എക്കോണമി പൂർണ്ണമായും തകരുകയാണ്. അതിന്റെ ആഘാതം സംസ്ഥാനത്തിന്റെ പൊതുവായ സമ്പദ്‌വ്യവസ്ഥയിലുണ്ടോ; തീർച്ചയായും ഉണ്ടാകും. അതുകൊണ്ട് ഇതിനെ ഗൗരവമായി കാണണം. ഇത് കുറച്ച് കർഷകരുടെ മാത്രം പ്രശ്നമാണെന്നും കർഷകർക്ക് എപ്പോഴും ഇത്തരത്തിലുള്ള പരാതിയാണെന്നുമുള്ള രീതിയിൽ മാത്രം സംസാരിക്കരുത്. എല്ലാവരാലും സ്വാഗതം ചെയ്യപ്പെടുകയും

പ്രതിപക്ഷാംഗങ്ങളുടെ പിന്തുണയോടുംകൂടി ഈ സർക്കാർ കൊണ്ടുവന്ന കാർഷിക കടാശ്വാസ കമ്മീഷന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? 2020-നുശേഷം പുതിയ അപേക്ഷപോലും സ്വീകരിക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷന്റെ ആളുകൾക്ക് ഒരു ബത്തപോലും നൽകുന്നില്ല. 221 കോടി രൂപ കുടിശ്ശിക കൊടുക്കാനുണ്ട്. ശരിയാണോ; കോർപ്പറേറ്റീവ് ബാങ്കുകളിലാണ് ഇത് ചെയ്യുന്നത്. പല കോർപ്പറേറ്റീവ് ബാങ്കുകളിലും സംസ്ഥാനത്തിന്റെ വിഹിതം നൽകാത്തതുകൊണ്ട് അവരുടെ വിഹിതം കൊടുത്ത് കടം പൂർത്തിയാക്കിയിട്ടും ബാങ്കുകൾ ഡോക്യുമെന്റുകൾ തിരിച്ച് നൽകുന്നില്ല. ഇതുവരെ ഇത്രയും കുടിശ്ശിക വന്നിട്ടില്ലല്ലോ. ഇപ്പോൾ കുടിശ്ശിക വരേണ്ട കാര്യമില്ലല്ലോ. കാരണം സർക്കാർ പുതിയ അപേക്ഷകൾ സ്വീകരിക്കുകയോ പുതിയ ആളുകൾക്ക് അനുമതി നൽകുകയോ ചെയ്യുന്നില്ല. എത്രയോ കാലം മുമ്പുള്ള കുടിശ്ശികയാണിത്. 2020-നുശേഷം സർക്കാർ അപേക്ഷ സ്വീകരിച്ചിട്ടുണ്ടോ; ഇല്ല; പിന്നെ എങ്ങനെയാണ് കുടിശ്ശിക വരുന്നത്. കാർഷിക കടാശ്വാസ കമ്മീഷൻ പുതിയ ഒരാളുടെയും അപേക്ഷ വാങ്ങിച്ച് ചർച്ച ചെയ്ത് അവർക്ക് കടാശ്വാസം നൽകുന്നില്ല. അതിനാൽ കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തനരഹിതമായി. ഇപ്പോൾ

അങ്ങനെയൊരാശ്വാസമില്ല. സർക്കാർ വിഹിതം കൃത്യമായി നൽകാത്തതിനാൽ പലർക്കും ബാങ്കുകളിൽ നിന്ന് ഡോക്യുമെന്റുകൾ തിരിച്ചെടുക്കാൻ സാധിക്കുന്നില്ല. അത് ഗൗരവമായി അന്വേഷിക്കേണ്ട കാര്യമല്ലേ. ഏറ്റവും കൂടുതൽ ജപ്തി നടപടികൾ നേരിടുന്നതിനെ സംബന്ധിച്ച കണക്കുകൾ എന്റെ കൈവശമുണ്ട്. ഇടുക്കിയിലെ സംസ്ഥാന സഹകരണ ബാങ്ക് കൊടുത്തിരിക്കുന്ന സ്ഥാവരവസ്തു വിൽപ്പന പരസ്യം. എത്രപേർക്കെതിരെയാണ് ഇത്തരമൊരു നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് അറിയാമോ? നൂറുക്കണക്കിന് പരസ്യമാണ് കൊടുത്തിരിക്കുന്നത്.

<u>ശ്രീ. പി. പ്രസാദ്</u>: സർ, 2023-വരെ കാർഷിക കടാശ്വാസ കമ്മീഷന്റെ അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച കണക്ക് ഞങ്ങളുടെ കൈവശമുണ്ട്. 2007-മുതൽ 30-06-2023 വരെ 6,47,000/-രൂപ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 2011-2016-ലെ ഗവൺമെന്റിന്റെ കാലത്തും കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്നുള്ള കാര്യംകൂടി ഓർക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇടുക്കി, വയനാട് ജില്ലകളിൽ മാത്രമാണ് ഇക്കാര്യത്തിൽ ഒരിളവ് കൊടുത്തത്. ബാക്കി

സ്ഥലങ്ങളിലൊന്നും അപേക്ഷ സ്വീകരിച്ചിട്ടില്ല. കാർഷികമേഖലയുമായി ബന്ധപ്പെട്ട് കൃഷിയിടങ്ങൾ വ്യാപകമായി ജപ്തി ചെയ്യപ്പെടുകയാണ്. കർഷകർ വലിയ കടക്കെണിയിലേയ്ക്ക് പോവുകയാണ്. കാർഷിക കടാശ്വാസ കമ്മീഷൻ നന്നായി പ്രവർത്തിക്കുന്നുണ്ട് അവരുടെ ജോലിചെയ്യുന്നുണ്ടെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നുണ്ടല്ലോ. കാർഷിക കടാശ്വാസ കമ്മീഷൻ തീർത്തും പ്രവർത്തനരഹിതമാണ്. അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ചെറുകിട കർഷകർക്ക് കിട്ടിയിരുന്ന വലിയൊരാശ്വാസം എൽ.ഡി.എഫ്. ഭരണകാലത്തുതന്നെ പൂർണ്ണമായും ഇല്ലാതായി. ഈ സർക്കാർ ഇടുക്കി പാക്കേജിനായി 12000 കോടി രൂപയും വയനാട് പാക്കേജിനായി 7000/-കോടി രൂപയും കുട്ടനാട് പാക്കേജിനായി 5000/-കോടി രൂപയും പ്രഖ്യാപിച്ചു. ഇത്രയും പ്രഖ്യാപനങ്ങളൊക്കെ നടത്തിയെങ്കിലും വയനാട്ടിലെ കർഷകർക്ക് അവർ ഉല്പാദിപ്പിച്ച കാപ്പി സംഭരിക്കുന്നതിനായി വെറും 50 ലക്ഷം രൂപ മാത്രമാണ് നൽകിയത്. ഈ സർക്കാർ പ്രഖ്യാപിച്ച പാക്കേജുകളിലൂടെ ഒരു രൂപപോലും കർഷകർക്ക് കൊടുത്തിട്ടില്ല. ഈ സർക്കാരിന്റെ പ്രഖ്യാപനങ്ങളെല്ലാം കടലാസ്സിൽ

മാത്രമാണ്. വയനാട്ടിലെ കർഷകനെയും ഇടുക്കിയിലെ കർഷകനെയും കുട്ടനാട്ടിലെ കർഷകനെയും ഈ സർക്കാരിന് സഹായിക്കാൻ കഴിഞ്ഞില്ല. കുട്ടനാട്ടിലെ നെൽക്കർഷകരുടെ സങ്കടമെന്താണ്; ഇതിനിടയിൽ എത്ര കർഷകർ കടംകയറി അവിടെ ആത്മഹത്യ ചെയ്തു; അവിടെ ആത്മഹത്യ ചെയ്ത കർഷകരുടെ പേരുകൾ മുഴുവൻ പറയണമോ; ആന്തൂരിലെ ഷാജൻ ആത്മഹത്യ ചെയ്തപ്പോൾ അതിന്റെ കാരണം അന്വേഷിച്ച് വേറെ പോയതുപോലെ അവരുടെ കുടുംബകാര്യങ്ങളിലേയ്ക്കൊന്നും പോകണ്ട. എത്ര കർഷകർ ആത്മഹത്യ ചെയ്തു; എത്രപേർ കടക്കെണിയിലാണ്; എത്രപേർ ജപ്തി നടപടികളെ നേരിടുന്നു, ആ യാഥാർത്ഥ്യം ഞങ്ങൾ അറിയണ്ടേ; ഡോ. മൻമോഹൻ സിംങ്ങിന്റെ കാലത്തെക്കുറിച്ച് പറഞ്ഞപ്പോൾ അയ്യോ അതിനെപ്പറ്റിയൊന്നും ഓർമ്മിപ്പിക്കല്ലേ എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. അത് കേട്ടപ്പോൾ അദ്ദേഹത്തിന് ഞെട്ടലാണ്. കർഷകരുടെ 72,000 കോടിയോളം രൂപയുടെ കടം മുഴുവൻ എഴുതിത്തള്ളിയ സർക്കാരാണത്. അതാണോ നിങ്ങൾ ഓർമ്മിപ്പിക്കരുതെന്ന് പറഞ്ഞത്; ലോകത്തൊരിടത്തും ഒരു ഗവൺമെന്റും അതുപോലെ കർഷകരുടെ കടം എഴുതിത്തള്ളിയ ചരിത്രമുണ്ടായിട്ടില്ല. ആ

സർക്കാരിനെക്കുറിച്ചാണ് കേരളത്തിലെ കൃഷി വകുപ്പുമന്ത്രി ആ കാലത്തെക്കുറിച്ച് ഓർമ്മിപ്പിക്കല്ലേയെന്ന് പറഞ്ഞത്. ഈ സർക്കാർ അതൊക്കെ ഓർക്കണം, അതൊന്നും ഓർക്കാതെ പോകരുത്; ഇതെല്ലാം ഓർക്കണം. ഇതൊക്കെ ഓർക്കുന്നതിനുപകരം കാർഷിക കടാശ്വാസ കമ്മീഷനെ നിർജ്ജീവമാക്കിയ പിണറായി സർക്കാരിനെക്കുറിച്ചാണോ ഓർമ്മിപ്പിക്കേണ്ടത്;

മി. സ്പീക്കർ: അങ്ങ് വഴങ്ങുന്നുണ്ടോ....

ശ്രീ. വി. ഡി. സതീശൻ: സർ, ഇല്ല. അദ്ദേഹം ഒരിക്കലും എനിക്ക് വഴങ്ങാറില്ല. കർഷകരുടെ 72000 കോടി രൂപയുടെ കടം എഴുതിത്തള്ളിയ ഡോ. മൻമോഹൻ സിംഗിനെക്കുറിച്ച് ഓർക്കരുത്; കാർഷിക കടാശ്വാസ കമ്മീഷൻ ഇല്ലാതാക്കിയ പിണറായി സർക്കാരിനെക്കുറിച്ച് ഓർത്താൽമതി എന്നുപറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്; ഈ പ്രശ്നങ്ങൾക്കുപുറമെയാണ് വനം-വന്യജീവി സംഘർഷം. ഏകദേശം മുപ്പത് ലക്ഷത്തോളം ആളുകൾ ജീവിക്കുന്ന പ്രദേശങ്ങളിലെ കൃഷി മുഴുവൻ തകർക്കുകയാണ്. കുനിന്മേൽ കുരുവെന്നപോലെ മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം വളരുകയാണ്. നാല് ലക്ഷം രൂപ പ്രതിമാസ

വരുമാനവും ഓഡി കാറുമുള്ള കർഷകനല്ല, എല്ലാം നഷ്ടപ്പെട്ട് വട്ടിപ്പലിശയ്ക്ക് പണം കടം വാങ്ങി നെൽക്കൃഷിയിറക്കിയ കർഷകനെക്കുറിച്ചും നാളികേരം വിൽക്കാൻ കഴിയാതെ വിഷമിക്കുന്ന നാളികേര കർഷകനെക്കുറിച്ചും വനാതിർത്തികളിലുണ്ടാക്കിയതെല്ലാം വന്യമൃഗങ്ങൾ നശിപ്പിച്ചുകളഞ്ഞ് നിസഹായനായി നിൽക്കുന്ന കർഷകനുമായിരിക്കണം ഈ സർക്കാരിന്റെ മനസ്സിലുണ്ടാകേണ്ടത്. അതാണ് കേരളത്തിലെ ഒരു സാധാരണ കർഷകന്റെ പ്രതീകം. കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ലാഘവത്തോടെ പറയുകയും ധാരാളം കാര്യങ്ങൾ ചെയ്യാമെന്നിരിക്കെ യാതൊന്നും ചെയ്യാതിരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ അലംഭാവത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, ഇന്ന് അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ സംബന്ധിച്ച് തുറന്ന ഒരു ചർച്ചയ്ക്ക് സമയം നൽകേണ്ടതായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. ശ്രീ. കുറുക്കോളി

മൊയ്തീൻ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ മന്ത്രിമാരടക്കം മിക്ക അംഗങ്ങളും അതിനെ പരിഹസിക്കുകയായിരുന്നു. കൃഷിക്കാരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പറയുമ്പോൾ അത് മനസ്സിലാക്കാനുള്ള സാമാന്യമര്യാദപോലും കാണിച്ചില്ലെന്ന ആക്ഷേപമാണ് എനിക്കുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷെ, കേരളത്തിലെ കർഷകരുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്; കാർഷിക മേഖലയിലെ പ്രശ്നമെന്താണ്? എത്രയോ ആളുകൾ ആത്മഹത്യ ചെയ്യുന്നുവെന്നതൊക്കെ വേറെകാര്യം. കൃഷിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കണ്ടേ; മതിയായ വില ലഭിക്കാത്തതുകൊണ്ടാണ് കൃഷിക്കാർ ആ മേഖലയിൽനിന്ന് മാറിക്കൊണ്ടിരിക്കുന്നത്. തേങ്ങ സംഭരണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചല്ലോ;. 365 ദിവസവും ഇവിടെ തേങ്ങ സംഭരണം നടത്തുന്നുണ്ടോ; അതിനുള്ള സംവിധാനങ്ങളൊന്നും ചെയ്തിട്ടില്ല. കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ വയ്ക്കുന്ന പദ്ധതികളുണ്ട്. പക്ഷെ, അതിന് പണം കൊടുക്കുന്നുണ്ടോ? വാസ്തവത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്ന കാര്യങ്ങളൊക്കെ ശരിയാണെങ്കിലും ഫലത്തിൽ അത്

കൃഷിക്കാർക്ക് അനുഭവവേദ്യമല്ലെന്നുള്ളതാണ് എന്റെ ആക്ഷേപം. ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ചപ്പോൾ ഇന്ന് നടക്കുന്ന കർഷക സമരത്തെ അനുകൂലിച്ച് പറഞ്ഞു. അതിന്റെ അർത്ഥമെന്താണ്? കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾ ശരിയല്ലെന്നും അതിനെതിരായി നടക്കുന്ന പ്രതിഷേധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും പറഞ്ഞാൽ കേന്ദ്രത്തെ അനുകൂലിക്കലാണോ; ഇങ്ങനെ വ്യാഖ്യാനിക്കുന്നതെന്തിനാണ്? കേന്ദ്രഗവൺമെന്റിന്റെ കർഷകദ്രോഹപരമായ ഒരു നിലപാടിനോടും പ്രതിപക്ഷത്തിന് യോജിപ്പില്ല. ഓരോ തവണയും കേന്ദ്രത്തിൽ സർക്കാരുകൾ മാറി വരുമ്പോഴും ഇതുപോലെയുള്ള പ്രശ്നങ്ങളുണ്ടാകുന്ന അവസരങ്ങളിൽ അതിനെ മറികടന്ന് പരിധിക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാർക്ക് എങ്ങനെ സഹായം ചെയ്യാൻ കഴിയുമെന്നല്ലേ സംസ്ഥാന സർക്കാർ നോക്കേണ്ടത്? അക്കാര്യത്തിലാണ് പ്രതിപക്ഷത്തിന് വിയോജിപ്പ്. സംസ്ഥാന സർക്കാരിന്റെ പരിധിക്കകത്ത് നിന്നുകൊണ്ട് കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാനും അവർക്ക് ആശ്വാസം നൽകാനുമുള്ള യാതൊരു നിലപാടും സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട്

ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കേരളത്തിന്റെ കാർഷിക മേഖല ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ നാളികേരം, റബ്ബർ, നെല്ല് ഉൾപ്പെടെയുള്ള എല്ലാ വിഭാഗം കൃഷിക്കാർക്കുവേണ്ടിയും കാർഷിക മേഖലയെ തകർച്ചയിൽനിന്ന് രക്ഷപെടുത്താൻ സാധ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടാണ് പ്രതിപക്ഷം ഇങ്ങനെയൊരടിയന്തരപ്രമേയം കൊണ്ടുവന്നത്. ഇവിടെ മറ്റ് പ്രതിപക്ഷനേതാക്കൾ ചൂണ്ടിക്കാണിച്ചതുപോലെ ശ്രീ. കുറുക്കോളി മൊയ്തീൻ ഈ സഭയിലെ പുതിയ അംഗമാണ്. ഈ സഭയിലിരിക്കുന്ന ഭൂരിപക്ഷം ആളുകളും പുതിയ അംഗങ്ങളാണ്. അടിയന്തരപ്രമേയംപോലൊരു വിഷയം അവതരിപ്പിക്കാൻ ആദ്യമായി അവസരം ലഭിക്കുന്ന ഒരാളിനെ ആക്രമിക്കാനും അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കാത്ത നിലയിലേയ്ക്ക് പോകുന്നതും ഏത് പാർട്ടിയിൽപ്പെട്ടവരായാലും അത് ഒരിക്കലും ശരിയായൊരു നടപടിയല്ല.

അത് ഈ സഭയ്ക്ക് ചേർന്നൊരു നടപടിയല്ല. ഇവിടെ എല്ലാവരും അക്കാര്യത്തിൽ രാഷ്ട്രീയത്തിനതീതമായി പിന്തുണ നൽകുന്ന രീതി ഈ സഭയ്ക്കുണ്ടായിരുന്നുവെന്നുകൂടി സന്ദർഭവശാൽ ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ഭാവിയലെങ്കിലും അത്തരം നിലപാടുകൾ തിരുത്താൻ തയ്യാറാകണമെന്ന് ചൂണ്ടിക്കാണിക്കുകയാണ്. കാർഷിക മേഖലയുടെ പ്രശ്നങ്ങളിൽ നാളികേര സംഭരണത്തെപ്പറ്റി ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ നാളികേര സംഭരണം പരിപൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. അസംബ്ലി മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ചാൽ എവിടെ വേണമെങ്കിലും സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെ ആരംഭിച്ചിട്ട് കാര്യമെന്താണ്? നിലവിൽ ആരംഭിച്ച സംഭരണ കേന്ദ്രങ്ങൾ വിജയകരമായി നടക്കുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പരിശോധിക്കണം. നാളികേര സംഭരണം വിജയകരമായി നടക്കുന്നില്ല. നാളികേരത്തിന് അടിസ്ഥാന വില ലഭിക്കുന്നില്ലെന്നുള്ളതാണ് പ്രതിപക്ഷം ഉന്നയിക്കുന്ന പ്രധാനപ്പെട്ട വിഷയം. അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് കഴിയുന്നതെല്ലാം ചെയ്യാൻ

സാധിക്കണം. കേന്ദ്രത്തിന്റെ പ്രതികൂല നിലപാടുകളുടെ കാര്യത്തിൽ യാതൊരു തർക്കവുമില്ല. കോൺഗ്രസ് പാർട്ടിയും മുസ്ലീം ലീഗും കേരള കോൺഗ്രസും പ്രതിപക്ഷത്ത് നിൽക്കുന്ന കക്ഷികളെന്ന നിലയിൽ കേന്ദ്രത്തിന്റെ തെറ്റായ കാർഷിക നയങ്ങൾക്കെതിരെ അതിശക്തമായി സമരരംഗത്ത് നിൽക്കുന്ന പാർട്ടികളാണ്. മാത്രമല്ല, ഇപ്പോൾ നടക്കുന്ന കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വളരെ ശക്തമായി അതേ നിലപാടിൽ നിൽക്കാൻ പ്രതിപക്ഷം തയ്യാറാണ്. എന്നാൽ, കേരളത്തിൽ സർക്കാർ ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. കഴിഞ്ഞ ദിവസം റബ്ബറുമായി ബന്ധപ്പെട്ട് ഞാൻ ഒരടിയന്തരപ്രമേയം അവതരിപ്പിച്ചു. ഇതുവരെ അത്തരം കാര്യങ്ങളിൽ യാതൊരു വീഴ്ചയുമുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞു. പക്ഷെ, ഇവിടെ ഫലപ്രദമായ നടപടിയുണ്ടാകണ്ടേ? അതുണ്ടാകുന്നില്ല. ഇപ്പോഴും കൃഷിക്കാർക്കുവേണ്ടി പുതുതായി രജിസ്ട്രേഷൻ നടത്തുന്നില്ല. നെൽക്യഷി പൂർണ്ണമായും തകർച്ചയിലാണ്. കാർഷിക മേഖലയുടെ തകർച്ചയ്ക്കെതിരെ ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച മിനിമം സപ്പോർട്ട് പ്രൈസ് ഏർപ്പെടുത്താനുള്ള നടപടികളിലേയ്ക്കാണ് സർക്കാർ വരേണ്ടത്.

അതിന് ഇനിയെങ്കിലും ഗവൺമെന്റ് മുന്നോട്ടുവരണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഗവൺമെന്റ് പ്രഖ്യാപിച്ച പച്ചത്തേങ്ങ സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്നുള്ളതാണ് ഇവിടെ ചൂണ്ടിക്കാട്ടിയ പ്രധാനപ്പെട്ട വസ്തുതകളിലൊന്ന്. ബഹുമാനപ്പെട്ട അംഗം അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിനുനേരെയുള്ള ഭരണപക്ഷത്തിന്റെ സമീപനം കർഷകരോടുള്ള സമീപനമാണോയെന്നാണ് അറിയാനുള്ളത്. അദ്ദേഹം രാഷ്ട്രീയ വിഷയങ്ങളിലേയ്ക്കല്ല കടന്നത്. കാർഷിക മേഖല നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാട്ടിയത്. അത് അവതരിപ്പിക്കാൻപോലും ഒരു പ്രതിപക്ഷാംഗത്തിന് സാധിക്കുന്നില്ലെങ്കിൽ സ്വാഭാവികമായും അത് കർഷകരോടുള്ള ഗവൺമെന്റ് സമീപനമായി കരുതപ്പെടും. മൊബൈൽ സംഭരണ യൂണിറ്റുകൾ വഴി അടുത്ത ആറ് മാസത്തിനുള്ളിൽ സംഭരണം വളരെ കൃത്യമായ നിലയിൽ പോകുമെന്നാണ് ഇതുസംബന്ധിച്ച് ഞാൻ ചോദിച്ച ചോദ്യത്തിന് അങ്ങ് നൽകിയ മറുപടി.

ആ മൊബൈൽ സംഭരണ കേന്ദ്രങ്ങൾ കൃത്യമായ നിലയിൽ നടക്കുന്നില്ലെന്ന് മാത്രമല്ല കിലോമീറ്ററുകൾ സഞ്ചരിച്ച് നാളികേരം വിൽക്കേണ്ട സാഹചര്യം വന്നാൽ കർഷകർ അതിന് തയ്യാറാകില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. എന്തായാലും കൃത്യമായ നിലയിൽ മൊബൈൽ സംഭരണ വാഹനങ്ങൾ ലഭ്യമാകുന്നില്ല. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം നിശ്ചലമാണ്. അതിനെ സംബന്ധിച്ച ചോദ്യം ഫ്ലോറിൽ വന്നപ്പോൾ അന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയിലുണ്ടായിരുന്നില്ല. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നില്ല. അതിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകരുടെ എണ്ണം അങ്ങ് പരിശോധിക്കണം. നാമമാത്രമായ കർഷകർക്കുമാത്രമെ അതിൽ കടന്നുവരാൻ കഴിയുന്നുള്ളൂ. 5000 രൂപ പെൻഷൻ നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത് കൃത്യമായ നിലയിൽ നടക്കുന്നില്ലെന്നതും ഗവൺമെന്റ് അക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നുകൂടി സൂചിപ്പിക്കുന്നു. കേരളത്തിലെ കാർഷിക മേഖല ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ട്. വന്യജീവി ആക്രമണത്തിൽ കോടികളുടെ നഷ്ടം കാർഷിക മേഖലയിലുണ്ടായിട്ടുണ്ട്. അത്

പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണ് ഇന്നിവിടെ ചർച്ചയ്ക്കായി കൊണ്ടുവന്നത്. ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണത്. പക്ഷേ അതിന് ഭരണപക്ഷത്തുനിന്നുമുള്ള സമീപനം വളരെ മോശമായിപ്പോയതിനാൽ അതിനുള്ളൊരു പ്രതിഷേധം കൂടി ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. മലബാർ മേഖലയിലെല്ലാം ഏറ്റവും കൂടുതൽ നാളികേര കർഷകരുള്ളതാണ്. അവരുടെ വീടിനോട് ചേർന്ന് പത്തും പതിനഞ്ചും സെന്റ് സ്ഥലത്ത് നാളികേരം കൃഷി ചെയ്യുകയാണ്. പക്ഷേ നാളികേരത്തിന്റെ വിലയിടിവ് കാരണം അവരെല്ലാം വലിയ ബുദ്ധിമുട്ടാണ് അനുഭവിക്കുന്നത്. തമിഴ്നാട്ടിൽ നിന്നും നാളികേരം വരുന്നതെല്ലാം പ്രതിസന്ധി സൃഷ്ടിക്കുകയാണ്. ഉല്പാദന ചെലവ് കൂടുന്നതും ഇതിന് കാരണങ്ങളാണ്. അതിനാവശ്യമായ ചില നടപടികൾ

സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെത്തന്നെ കർഷക ക്ഷേമനിധിയുടെ കാര്യത്തിൽ സർക്കാരിൽനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്നുകൂടി ആവശ്യപ്പെടുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ തിരികെ ഹാജരായി.)